No/450/2022/SRG/LSGD/CC/5

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്

യോഗം ഉച്ച കഴിഞ്ഞ് 2.30 ന് സെക്രട്ടറിയേറ്റ് അനക്സ് II വിലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. കഴിഞ്ഞ കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം ഈ മാസം 15–ാം തീയതിയാണ് കഴിഞ്ഞത്. അതിനുശേഷം ആറു ദിവസം മാത്രമേ കഴിഞ്ഞുള്ളു എന്നതിനാൽ സാധാരണ കോഓർഡിനേഷൻ കമ്മിറ്റിയിലെ ആദ്യ രണ്ടു ഇനങ്ങളിലെ അജണ്ടകളായ പദ്ധതി നിർവ്വഹണ അവലോകനം, മുൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ തുടർനടപടി എന്നിവ ഈ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മൂന്നാമതു വരേണ്ട പൊതു വിഷയവും നാലാമതു പരിഗണിക്കേണ്ട പ്രത്യേക വിഷയവും മാത്രമേ ഇന്നത്തെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചുള്ളു.

**3. പൊതു വിഷയം**

==================

**1)** പൈതൃക സ്വഭാവമുള്ളതും കലാമൂല്യമുള്ളതുമായ പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാറുണ്ട്. ഇത്തരം കലാമൂല്യമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് സാധാരണ ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്തുക ബുദ്ധിമുട്ടാണ്. ഇങ്ങനെയുള്ള പ്രവൃത്തികൾ പരിശോധിക്കുന്നതിനും ഈ മേഖലയിൽ പ്രാവിണ്യമുള്ള വ്യക്തികളെ / ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനും ജില്ലയിൽ വിദഗ്ധരുടെ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിനായി കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ കൂടി അഭിപ്രായമാരാഞ്ഞ് ജില്ലാതലത്തിൽ രൂപീകരിക്കേണ്ട കമ്മിറ്റിയുടെ ഘടന സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

2) (i) 28.05.2022 ലെ 115/22/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്വ പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ക്രമ നമ്പർ 1-ൽ ഇനം ഡി ആയി ജൈവ നിയന്ത്രണകാരികൾ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന ഏജൻസി /സ്ഥാപനങ്ങൾക്കൊപ്പം 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഉൾപ്പെടുത്തിയ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവയിൽ നിന്നു കൂടി ജൈവ നിയന്ത്രണകാരികൾ വാങ്ങാവുന്നതാണ്. കൂടാതെ സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബോറട്ടറിയിൽ നിന്നും ഇതു വാങ്ങാവുന്നതാണ്.

(ii) കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗതീരുമാന പ്രകാരം സബ്സിഡി – ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 6.1 ക്രമ നമ്പർ 1-ൽ ജൈവവളം വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവ

കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്ന് ജൈവവളം വാങ്ങാം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങാവുന്ന ജൈവവളം എന്നതിനു പകരം സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ക്രമ നമ്പർ 1 ൽ A,B,C ഇനമായി പറയുന്ന എല്ലാ ഇനങ്ങളും (ജൈവ വളം, കുമ്മായം, ഡോളോമൈറ്റ്, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ വളർച്ചാ ത്വരകങ്ങൾ, ജീവാണു വളങ്ങൾ എന്നിവ) മുകളിൽ പറഞ്ഞ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ, സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബറട്ടറി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.

(iii) ജൈവ നിയന്ത്രണകാരികൾ, ജൈവ വളങ്ങൾ, കീടനാശിനികൾ അടക്കമുള്ള എല്ലാ ഉല്പാദന സഹായികളുടേയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ലൈസൻസ് മർഗ്ഗരേഖ ഖണ്ഡിക 6.1 ക്രമ നമ്പർ 1,2,3–ൽ പ്രതിപാദിച്ചിരിക്കുന്ന ഏജൻസികൾക്കും പൊതു വിഷയം ഖണ്ഡിക 2 (i) ൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കേണ്ടതാണ്. ഇത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണസ്ഥാപനവും ഉറപ്പ് വരുത്തണം.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3)** ഭിന്നശേഷിക്കാർക്ക് നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർപോലുള്ള ചെലവു കൂടിയ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങണം. ഒരു ജില്ലയിലേക്കുള്ളത് ഒരു മിച്ച് വാങ്ങിയാൽ വിലകുറയും എന്നതിനാലാണ് ഇപ്രകാരം നിർദ്ദേശിക്കുന്നത്. എന്നാൽ ഇവ ഗ്രാമപഞ്ചായത്തുകൾ മുഖേന വേണം വിതരണം ചെയ്യേണ്ടത്. നഗരഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4) ബന്ധപ്പെട്ട എഞ്ചിനീയർ മുഖേന ഗ്രാമപഞ്ചായത്തുകളുടെ റോഡ് ആസ്തികളുടെ വിവരം ശേഖരിക്കുന്നതിനുള്ള സർവ്വേക്ക് ഒരു വാർഡിന് 3000 രൂപ പ്രകാരം ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു. നഗരസഭകളിലെ റോഡ് ആസ്തികളുടെ വിവരങ്ങൾ കൂടി ശേഖരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം. ഇതിനായി ഒരു വാർഡിന് 5000 രൂപ ക്രമത്തിൽ തനതുഫണ്ട് /റോഡ് മെയിന്റനൻസ് ഗ്രാന്റ്/വികസന ഫണ്ട് സർവ്വേക്ക് ഉപയോഗിക്കാവുന്നതാണ്.

റോഡ് ആസ്തികൾക്കൊപ്പം നോൺറോഡ് ആസ്തികളുടെ വിവരവും കാലതാമസം കൂടാതെ ശേഖരിക്കേണ്ടതാണ്. ഇതിനായി രൂപീകരിച്ചിരിക്കുന്ന കമ്മിറ്റി ആവശ്യമായ നടപടി സ്വീകരിക്കണം.

**നടപടി:– 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**3)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

5) കാലാവസ്ഥ സംബന്ധിച്ച പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു റിസോഴ്സ്/വിദഗ്ധ ടീമിന് രൂപം നൽകാൻ തീരുമാനിച്ചു. പ്രോജക്ടിന്റെ വെറ്റിംഗ്/സാങ്കേതികാനുമതിക്കുശേഷം പ്രോജക്ട് ഏതു മേഖലയിൽപ്പെടുന്നുവോ ആ

മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും അതിന്റെ നിർവ്വഹണ ചുമതല. ജില്ലാതലത്തിൽ രൂപീകരിക്കേണ്ട റിസോഴ്സ് /വിദഗ്ധ ടീമിന്റെ ഘടന, പ്രവർത്തനം രീതി തുടങ്ങിയവ തയ്യാറാക്കി നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പനെ ചുമതലപ്പെടുത്തി.

**നടപടി:-1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4. പ്രത്യേക വിഷയം**

====================

**4.1 <u>കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം പ്ലാനിംഗ് ഓഫീസറുടെ 01.09.2022 ലെ കത്തും കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01/08/2022 ലെ 1(2)-ാം നമ്പർ തീരുമാനവും 18.02.2020 ലെ 417/20/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 953/22 - CC /467/22).**

**വിഷയം:** ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 50/23* | *അടങ്കൽ* | *18,00,000 രൂപ*<br>*(വികസനഫണ്ട് - ജനറൽ)* |
| *പേര്* | *ന്യൂ ലൈഫ് ലക്ഷം വീട്ട കോളനി നവീകരണം (ഭവന പുനരുദ്ധാരണം)* | |

തിരുവനന്തപുരം ജില്ലയിലെ ഇരട്ട ലക്ഷം വീടുകൾ എല്ലാം തന്നെ 2000-നു മുമ്പ് ഒറ്റ വീടാക്കി. പിന്നീട് ഈ വീടുകൾക്ക് അറ്റകുറ്റപ്പണി വേണ്ടി വന്നു. ഇതിനായി 2.00 ലക്ഷം രൂപ വീതം നൽകാൻ 18.02.2020 ലെ 417/20/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകി. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും **40:40:20** അനുപാതത്തിൽ തുക നൽകാനാണ് അനുമതി നൽകിയത്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കൾക്ക് 50 ശതമാനം വീതം അഡ്വാൻസ് നൽകി. എന്നാൽ ഉദ്ദേശിച്ച പ്രകാരം ജില്ല, ബ്ലോക്കു പഞ്ചായത്തു വിഹിതം ലഭിച്ചില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് ഒരു വീടിന് 1.50 ലക്ഷം രൂപ എന്ന നിരക്കിലേക്ക് ധനസഹായം കുറച്ചു. ഇപ്പോൾ സ്പിൽ ഓവറായി തുടരുന്നു. പുതിയ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വീട്ടു വാസയോഗ്യമാക്കുന്നതിനു നൽകാവുന്ന തുക 1.00 ലക്ഷം രൂപയാണ്. (പൊതു വിഭാഗത്തിന് 1.00 ലക്ഷം രൂപയും എസ്.സി/എസ്.റ്റിവിഭാഗത്തിന് 1.50 ലക്ഷം രൂപയും). ഗുണഭോക്താക്കൾ പ്രവൃത്തികൾ പൂർത്തിയാക്കി. ഈ സാഹചര്യത്തിൽ ലക്ഷം വീട് കോളനി നവീകരണം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 1.50 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 28.01.2020 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച പ്രവൃത്തി ആയതിനാൽ അനുമതി നൽകുന്നു. 28.01.2020 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചപോലെ ഇതിനുള്ള വിഹിതം ലൈഫ് ഭവനപദ്ധതിയ്ക്കായി മാറ്റിവച്ചിരിക്കുന്ന 20 ശതമാനം തുകയ്ക്കു പുറമെ നിന്നു കണ്ടെത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.2 താനൂർ ബ്ലോക്ക് പഞ്ചായത്ത്**

**താനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.05.2022 ലെ C-927/22-ാം നമ്പർ കത്ത് (SRG 669/22).**

**വിഷയം:- PMAY** ആവാസ് പ്ലസ്സിൽ ഉള്ള ഗുണഭോക്തൃ ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതു സംബന്ധിച്ച്.

താഴെ പറയുന്ന രണ്ടുപേർ 2021-22 ലെ **PMAY** ആവാസ് പ്ലസ് ലിസ്റ്റിൽ ഉള്ളവരാണ്.

1) ശ്രീമതി ജിഷ **W/O** മനോജ് കുമാർ

2) ശ്രീമതി സുബിന **W/O** ഹനീഫ

ഇവരിൽ ക്രമനമ്പർ ഒന്നിൽ പറയുന്ന ആൾ **"മറ്റുള്ളവർ"** എന്ന വിഭാഗത്തിലും ക്രമ നമ്പർ രണ്ടിലെ ആൾ **"മൈനോറിറ്റി"** വിഭാഗത്തിലുംപ്പെട്ടവരാണ്. എന്നാൽ **PMAY** ആവാസ് പ്ലസ്സ് പട്ടികയിൽ രണ്ടുപേരും **"പട്ടികവർഗ്ഗം"** വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. **PMAY** ലിസ്റ്റിൽ വന്നതിനാൽ ലൈഫ് പദ്ധതിയിൽ ഇവർ അപേക്ഷിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ഇവരിൽ ഓരോരുത്തർക്കും ലഭിക്കേണ്ട കേന്ദ്ര വിഹിതമായ 1,20,000 രൂപയും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായ 2,80,000 രൂപയും നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** **PMAY** ആവാസ് പ്ലസ് ലിസ്റ്റിൽ ഉള്ളവരാണെന്ന് ഉറപ്പുവരുത്തണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.3 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.2022 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.06.2022 ലെ 1(8)-ാം നമ്പർ തീരുമാനവും (SRG 731/22 - CC/414/2022).**

**വിഷയം:-** പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള ധനസഹായവും സംബന്ധിച്ച്.

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനും ഈ വിഭാഗത്തിൽപ്പെട്ടവർ വിദേശത്ത് തൊഴിൽ നേടുമ്പോൾ ധനസഹായം നൽകാനും ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ഈ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്ത് നേരിട്ടു നൽകുന്നതിനു പകരം തുക ഗ്രാമപഞ്ചായത്തിന് കൈമാറി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

വിദേശത്ത് തൊഴിൽ നേടി പോകുന്ന ഗുണഭോക്താക്കൾക്കുള്ള ധനസഹായവും ഗ്രാമപഞ്ചായത്തിനു തുക കൈമാറി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.4 <u>കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.08.2022 ലെ കത്തും കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2022 ലെ** SC1-21/22-ാം **നമ്പർ കത്തും കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.07.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 898/2022 - CC/438/2022).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

| | | |
|---|---|---|
| *പ്രോ.നം: 38/23* | ***അടങ്കൽ*** | ***10,90,000രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***5,90,000 രൂപ*** |
| | *എസ്.സി.പി* | ***5,00,000 രൂപ*** |
| ***പേര്*** | ***പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം*** | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. കഴിഞ്ഞ വർഷം CPRCS (Centralised Procurement and Rate Contract System) ൽ ലാപ് ടോപ് ലഭ്യമല്ലാതെ വന്നതിനാൽ GeM മുഖേനയാണ് വാങ്ങിയത്. കാലതാമസം വന്നതിനാൽ ഗുണഭോക്തൃലിസ്റ്റിലുള്ള താഴെ പറയുന്ന വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി. ഇവർക്ക് കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| 1 | സജിത്. കെകെ, കരിയാട്ടിൽ കളം | 9 | ശ്രുതി എം, മഞ്ഞളാം തൊടി |
| 2 | ഗോപിക ഇ.പി, എളാക്കരപ്പടി | 10 | ശ്രുതി ഇ.പി, എളാക്കരപ്പടി |
| 3 | ശ്രീലക്ഷ്മി. കെ, കുന്നത്തൊടി | 11 | നിമിഷ കെ.പി, കൊടക്കാട്ടുപറമ്പിൽ |
| 4 | വിനയൻ കെ, കുട്ടപ്പുലാക്കൽ | 12 | ആതിര കെ.കെ, കരിയാട്ടിൽ കുളത്തിൽ |
| 5 | അജിൻ ഇ, എടത്തോത്തൊടി | 13 | അദുൽ ദാസ്, വാലിയാറപ്പടി |
| 6 | ഗോകുൽ ദാസ്, പാണാറത്ത് | 14 | ജിംഷ, ഓപ്പത്തൊടി |
| 7 | ജിഷ്ണു പി, പുലാവഴിപ്പടി | 15 | സോനത്ത് ലാൽ കെ.പി, കളത്തിൽപ്പടി |
| 8 | അർജ്ജുൻ, എളാക്കരപ്പടി | | |

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.5 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ്ഓഫീസറുടെ 13.09.2022 ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 01.09.2022 1(3)-ാം നമ്പർ തീരുമാനവും (SRG 964/CC/532/2022).**

**വിഷയം:-** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

| | | | |
|---|---|---|---|
| i) | *പ്രോ.നം: 675/23* | ***അടങ്കൽ*** | *2,00,000 രൂപ (വികസനഫണ്ട്)* |
| | ***പേര്*** | ***പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് കെ.എ.എസ്/ പി.എസ്.സി പരിശീലനം*** | |

പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് **KAS/PSC** പരിശീലനം നടത്തുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന വിഹിതം താഴെ പറയും പ്രകാരമാണ്.

| **ക്രമ നമ്പർ** | **തദ്ദേശഭരണസ്ഥാപനം** | **വകയിരുത്തുന്ന വിഹിതം** | **ആകെ** |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 70,000 | **71 x 70,000 = 49,70,000** |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 70,000 | **11 x 70,000 = 7,70,000** |
| 3 | മുനിസിപ്പാലിറ്റി | 70,000 | **6 x 70,000 = 4,20,000** |
| 4 | ജില്ലാ പഞ്ചായത്ത് | 2,00,000 | **2,00,000** |
| | | **ആകെ** | **63,60,000 രൂപ** |

ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും രണ്ടു ഉദ്യോഗാർത്ഥികളെ വീതം (പട്ടികജാതി വിഭാഗം 1, പട്ടിക വർഗ്ഗ വിഭാഗം 1) പൊതു പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുത്ത് പാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഒരു വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ മറ്റേ വിഭാഗത്തിൽ നിന്നും ഒരാളെ കൂടി തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ സ്ഥാപനമായ ഈ സംയുക്ത പ്രോജക്ട് പാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** KAS നാണ് പരിശീലനം നൽകുന്നതെങ്കിൽ സർക്കാർ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം IAS അക്കാദമി മുഖേന പരിശീലനം നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഇവിടെ ഫീസ് നിരക്ക കുറവാണെന്നതും കൂടുതൽ വിദ്യാർത്ഥികൾ ഉണ്ട് എങ്കിൽ അവർക്ക് കോട്ടയം ജില്ലയിൽ വച്ച് തന്നെ പരിശീലനം നൽകാൻ തിരുവനന്തപുരം IAS അക്കാദമി തയ്യാറാകും എന്ന് യോഗം നിരീക്ഷിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.6 <u>വയനാട് ജില്ലാ ആസൂത്രണ സമിതി</u>**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2022 ലെ കത്ത് (SRG 666/22 – CC/400/2022).**

**വിഷയം:-** പട്ടികവർഗ്ഗവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യവും പ്രഭാത ഭക്ഷണവും നൽകുന്നതു സംബന്ധിച്ച്.

വയനാട് ജില്ലാ ആസൂത്രണ സമിതിയുടെ 15.06.2022 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

i) **ഗോത്രസാരഥി** – വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പ്രോജക്ടുകൾ എടുക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് തികയാതെ വന്നാൽ ബ്ലോക്ക പഞ്ചായത്തുകൾക്ക് വിഹിതം നൽകാൻ

അനുമതിയുണ്ട്. വയനാട്ടു ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നു കൂടി ഗ്രാമപഞ്ചായത്തിനു വിഹിതം നൽകാൻ അനുമതി വേണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം ജൂൺ മാസം തന്നെ ലഭ്യമാക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-**

1) വയനാട് ജില്ലയുടെ പ്രത്യേകത പരിഗണിച്ച് അധിക തുക ആവശ്യമായ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാൻ ജില്ലാ പഞ്ചായത്തിന് അനുമതി നൽകുന്നു.

2) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം TDO മുഖേന നൽകാൻ 15.10.2022 ലെ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. 15.10.2022 ലെ യോഗ തീരുമാന പ്രകാരം വിദ്യാർത്ഥികളുടെ ലിസ്റ്റ് അന്തിമമാക്കുന്ന നടപടി വേഗത്തിലാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറോട് നിർദ്ദേശിച്ചു. വർഷാവസാനമാകുന്ന സാഹചര്യത്തിൽ ഇതിനു മുൻഗണന നൽകണം. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് പട്ടികവർഗ്ഗ വികസന ഡയറക്ടർ നൽകണം.

i. **സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം :-** വിദ്യാലയങ്ങളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കു തടയുന്നതിന് പത്താംതരം വരെയുള്ള പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ വിഭാഗത്തിലുംപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകാൻ അനുമതിയുണ്ട്. ഹൈസ്കൂൾ സെക്ഷനിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു മാത്രമായി പ്രഭാത ഭക്ഷണം പ്രായോഗികമല്ല എന്നതു കൂടി പരിഗണിച്ച് അനുമതി നൽകേണ്ടതില്ലെന്നു തീരുമാനിച്ചു. എന്നാൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭക്ഷണം നൽകുന്നതിന് ക്രമീകരണം ചെയ്യാമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇതിനാവശ്യമായ ക്രമീകരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കണം.

**നടപടി:- 1) പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ**

**2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തിൽ Sl.No. 2,3 (യഥാക്രമം ഡയാലിസിസ്, നെൽകൃഷി സംബന്ധിച്ച്) ആയി നൽകിയിരിക്കുന്ന വിഷയങ്ങളിൽ അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവുണ്ട് എന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിഗണിച്ചില്ല.

4.7 <u>മറ്റത്തൂർ ഗ്രാമപഞ്ചായത്ത്</u>

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2022 ലെ കത്ത്, 03.08.2022 ലെ A2-123 (4)-ാം നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.02.2022 ലെ 2(1)-ാം നമ്പർ തീരുമാനവും, 06.06.2022 ലെ 4(1)-ാം നമ്പർ തീരുമാനവു ം (SRG 1036/22).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സമഗ്രവികസന പദ്ധതി

| | | | |
|---|---|---|---|
| i) | *പ്രോ.നം: 231/23* | *അടങ്കൽ* | *18,00,000 രൂപ*<br>*(എസ്.സി.പി )*<br>*(7.00 ലക്ഷം രൂപ അടുത്ത വർഷം വകയിരുത്താൻ ഉദ്ദേശിക്കുന്നു)* |
| | *പേര്* | *പഞ്ചമി* | |

നാലാം ക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് പ്രോജക്ട്. ഒരു വിദ്യാർത്ഥിക്ക് ശരാശരി ചെലവ് 50,000 രൂപ. ഈ വിദ്യാർത്ഥികളെ സമൂഹത്തിൽ ആരോഗ്യപരമായി ഇടപെടുന്നതിന് പ്രാപ്തരാക്കുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പൊതു ജീവിതത്തിൽ മെച്ചപ്പെട്ട മനോഭാവം രൂപീകരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ പദ്ധതിയിൽ അക്കാദമിക് ഉപദേശകർ ഉണ്ട്. ഒപ്പം ഓണറേറിയം വ്യവസ്ഥയിൽ ഒരു കോഓർഡിനേറ്റർ (പ്രതിമാസം 20,000 രൂപ), ഡേറ്റാ അനലിസ്റ്റ് (പ്രതിമാസം 17,000 രൂപ) നാലു ഫെസിലിറ്റേറ്റർമാർ (പ്രതിമാസം 15,000 രൂപ) എന്നിവരെ ഒരു വർഷത്തേക്ക് നിയമിക്കുന്നു. വാടകയ്ക്ക് പരിശീലന കേന്ദ്രം എടുക്കണം. ഭക്ഷണവും വാഹനസൗകര്യവും ഒരുക്കണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇല്ല എന്നതിനാൽ പരിഗണിച്ചില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം ജില്ലാ ആസൂത്രണ സമിതി മുഖേന നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.8 <u>എറണാകുളം ജില്ലാ പഞ്ചയത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2022 ലെയും 31.08.2022 ലെയും കത്തുകളും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.08.2022 ലെ** DP8-02/2022-**ാം നമ്പർ കത്തും (SRG 980/22 - CC/495/2022).**

**വിഷയം:** പത്താംക്ലാസ്സ് വിജയശതമാനം ഉയർത്താനുള്ള പദ്ധതി

| | | |
|---|---|---|
| *പ്രോ.നം: 446/23* | *അടങ്കൽ* | *15,00,000 രൂപ*<br>*(വികസനഫണ്ട് ജനറൽ)* |
| *പേര്* | *ജ്യോതിർഗമയ - കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പരിശീലന പരിപാടി* | |

എറണാകുളം ജില്ലാ പഞ്ചായത്തിലെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുവേണ്ടിയാണ് പ്രോജക്ട്. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ക്ലാസ്സ് സമയത്തിനുശേഷം ഈ സ്കൂളിലെ അദ്ധ്യാപകർ തന്നെ കുട്ടികൾക്ക് എസ്.എസ്.എൽ.സി

പരീക്ഷയ്ക്ക് മുന്നോടിയായി പരിശീലനം നല്കുന്നു. സർക്കാർ സ്കൂളുകളിലെ 2706 കുട്ടികൾക്കും എയ്ഡഡ് സ്കൂളിലെ 14,793 കുട്ടികൾക്കുമാണ് പരിശീലനം നൽകുന്നത്. 50 ദിവസമാണ് പരിശീലന കാലാവധി. പരിശീലനം നൽകുന്ന വേളയിൽ കുട്ടികൾക്ക് റിഫ്രഷ്മെന്റ് നൽകുന്നതിന് 10 രൂപ വീതം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. തുക ബന്ധപ്പെട്ട സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് കൈമാറും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു. എന്നാൽ പി.റ്റി.എ വിഹിതം, സംഭാവന എന്നിവ കൂടി പരമാവധി ഉൾപ്പെടുത്തി വേണം പ്രോജക്ട് നടപ്പാക്കേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.9 <u>പാണ്ടനാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022 ലെ കത്തും പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 907/22–CC/459/22).**

**വിഷയം:-** മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം സംബന്ധിച്ച്.

| *പ്രോ.നം: 52/23* | *അടങ്കൽ* | *50,000 രൂപ (വികസനഫണ്ട് ജനറൽ* |
|---|---|---|
| *പേര്* | *മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം* | |

മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.10 <u>പാണ്ടനാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022 ലെ കത്തും പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 908/22 – CC/460/22).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം സംബന്ധിച്ച്.

| *പ്രോ.നം: 53/23* | *അടങ്കൽ* | *2,96,000 രൂപ* |
|---|---|---|
| | *എസ്.സി.പി* | *2,95,600 രൂപ* |
| | *തനത് ഫണ്ട്* | *400 രൂപ* |
| *പേര്* | *എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം* | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാനുള്ള ഈ പ്രോജക്ടിന് ജില്ലാആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11 <u>പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2022 ലെ കത്തും പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.06.2022 ലെ 14(1)-ാം നമ്പർ തീരുമാനവും (SRG 952/22 - CC/441/22).**

**വിഷയം:-** കഴിഞ്ഞവർഷത്തെ ഗുണഭോക്തൃ ലിസ്റ്റിലുള്ള പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 91/23*** | ***അടങ്കൽ*** | ***6,50,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | ***പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്*** | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് 2021-22 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും ലാപ് ടോപ് നൽകാൻ കഴിഞ്ഞില്ല. അന്നു നിശ്ചയിച്ചിരുന്ന വിലയ്ക്ക് **GeM** പോർട്ടലിൽ ലാപ് ടോപ് ലഭ്യമല്ലാത്തതിനാലാണ് നൽകാത്തത്. പുതുക്കിയ വില ഐ.റ്റി മിഷൻ നിശ്ചയിച്ചു നൽകിയിരുന്നില്ല. കഴിഞ്ഞ വർഷം ലാപ് ടോപ്പിനായി ആവശ്യമായ രേഖകൾ സമർപ്പിച്ച 13 ഗുണഭോക്താക്കൾക്ക് ഈ വർഷം ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| **ക്രമ നമ്പർ** | **പേര്** | **ക്രമ നമ്പർ** | **പേര്** |
|---|---|---|---|
| 1 | പഞ്ചമി എൽ, പുലയരുകുന്ന് | 8 | രേഷ്മ കെ.ആർ, രജിത ഭവൻ |
| 2 | നയൻ.ജെ.റ്റി, മലവിള വീട് | 9 | അശ്വന്ത് കൃഷ്ണ എ.എസ്, ഉതൃട്ടാതി ഭവൻ |
| 3 | പ്രീതി.പി.എസ്, പ്രീതി ഭവൻ | 10 | ജിതിൻ രാജ്. ആർ, വടയാനിക്കോണം |
| 4 | സൂര്യ എസ്, വിജയ മന്ദിരം | 11 | ആതിര എ, കല്ലറ വിളാകത്ത് വീട് |
| 5 | അനിത. സി, ഉണ്ടു കട്ടയ്ക്കാലിൽ വീട് | 12 | പൂജ. എച്ച്, ലീലാലയം |
| 6 | രമ്യ, വെള്ളംകുടികുന്നിൽ വീട് | 13 | രേവതി എം.എസ്, കടുവാക്കുഴി |
| 7 | രാഖി രാജ് ആർ.ബി, പാലുവള്ളി കിഴക്കും കര വീട് | | |

**തീരുമാനം:-** 1) അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.12 <u>കൊച്ചി കോർപ്പറേഷൻ</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.09.2022, 01.09.2022 എന്നീ തീയതികളിലെ കത്തുകളും കൊച്ചി കോർപ്പറേഷൻ മേയറുടെ 19.08.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 955/22 - CC /477/22).**

**വിഷയം:** ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് 2021-22 വർഷം താഴെ പറയുന്ന 6 വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ നൽകിയിരുന്നില്ല. ശാരീരിക ബുദ്ധിമുട്ടുകൾ കാരണമാണ് ഇവർ അപേക്ഷ നൽകാഞ്ഞതെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രവും രേഖകളും സഹിതം അപേക്ഷ നൽകിയിട്ടുണ്ട്. ഇവർക്കുള്ള കുടിശികയായ സ്കോളർഷിപ്പ് 2022-23 വർഷം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>വിദ്യാർത്ഥികളുടെ പേര്</u>**

| | | | |
|---|---|---|---|
| 1 | ഫലീല നർഗ്ഗീസ് | 4 | മുഹമ്മദ് അമീൻ |
| 2 | മുഹമ്മദ് ഫാരീസ് | 5 | അഭിരാം രമേഷ് |
| 3 | നവ്യസാറാ ബേബി | 6 | ജോമോൻ ജോണി |

**തീരുമാനം :-** 05.01.2021 ലെ 25/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ പറയും പ്രകാരം കൊവിഡ് മഹാമാരിക്ക് മുമ്പ് മുകളിൽ പറഞ്ഞ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യത്തിന്റെ കുടിശ്ശിക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.13 <u>കാവനൂർ ഗ്രാമപഞ്ചായത്ത്</u>

**ബഹു.ഏറനാട് എം.എൽ.എ യുടെ 01.07.2022 ലെ കത്തും കാവനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.06.2022 ലെ കത്തും കാവനൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ 19.04.2022 ലെ 117/2022-ാം നമ്പർ കത്തും (SRG 853/22).**

**വിഷയം:-** കാവനൂർ പി.എച്ച്.സിയിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നതു സംബന്ധിച്ച്.

കാവനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളുടെ തിരക്കു കൂടുതലാണെന്നറിയിച്ചുകൊണ്ട് അധികമായി ഒരു ഫാർമസിസ്റ്റിനെ കൂടി ഗ്രാമപഞ്ചായത്ത് മുഖേന നിയമിക്കുവാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഡോക്ടറേയും ഫാർമസിസ്റ്റിനേയും കരാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി അതിനാൽ അനുമതി പരിഗണിച്ചില്ല. അധിക ഫാർമസിസ്റ്റിനെ നിയമിക്കണമെന്ന ആവശ്യം ആരോഗ്യ വകുപ്പിന്റെ പരിഗണനക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.14 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2022 ലെ കത്തുകളും (2എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 22.07.2022 -ലെ** DP13-885/22-ാം **കത്തും എറണാകുളം ജില്ലാ പഞ്ചായത്തു ഭരണസമിതിയുടെ 12.07.2022 ലെ 1(6)-ാം നമ്പർ തീരുമാനവും (SRG 900/2022 – CC/425/22).**

**വിഷയം:** വൃക്കരോഗികൾക്ക് ഡയാലിസിസിനു ധനസഹായം

വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്റ്റ് ഏറ്റെടുക്കാൻ പുതിയ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കു ഗ്രാമപഞ്ചായത്തുകളിലേക്ക് വിഹിതം നൽകാം. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഇതിനുള്ള പ്രോജക്റ്റ് നേരിട്ട് ഏറ്റെടുക്കാവുന്നത്. മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് 2.00 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കാണ് ധനസഹായം നൽകാവുന്നത്. ഇതിൽ താഴെ പറയുന്ന മാറ്റങ്ങളോടെ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

i. ഡയാലിസിസിനു ധനസഹായം നൽകാനുള്ള പ്രോജക്റ്റ് ജില്ലാ പഞ്ചായത്തിനു നേരിട്ടെടുക്കാൻ അനുമതി.

**തീരുമാനം:-** മാർഗ്ഗരേഖയിൽ പറയുന്നതുപോലെ ഈ പദ്ധതി സംസ്ഥാനത്താകെ ഒരേ രീതിയിൽ നടത്തുന്നതാണ് അഭികാമ്യമെന്ന് യോഗം വിലയിരുത്തി. അതിനാൽ ഗ്രാമീണ മേഖലയിൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി ഗ്രാമപഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി പ്രോജക്റ്റ് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

ii. 3.00 ലക്ഷം രൂപ വരെ വാർഷികവരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം നൽകാൻ അനുമതി.

**തീരുമാനം:-** മാർഗ്ഗരേഖയിൽ പറയുന്ന വരുമാനപരിധി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.15 <u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>

**കാസർകോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (SRG 1038/22).**

**വിഷയം:-** ജില്ലാ ആശുപത്രി കാത്ത് ലാബ് – പ്രോജക്റ്റ് ഭേദഗതി സംബന്ധിച്ച്.

ജില്ലാ ആശുപത്രിയിൽ കാത്ത് ലാബിനുള്ള പ്രോജക്റ്റിന് ചില ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇതിന് പ്രോജക്റ്റ് ഭേദഗതിക്കുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 15.10.2022 ലെ പൊതുവിഷയം ക്രമ നമ്പർ 3 ലെ തീരുമാന പ്രകാരം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും പദ്ധതി ഭേദഗതിക്കു അനുമതി നൽകിയിട്ടുണ്ട്.

**നടപടി:തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.16 <u>വയനാട് ജില്ലാ ആസൂത്രണ സമിതി</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2022 – ലെ കത്ത് (SRG 951/22 – CC/510/2022).**

**വിഷയം:** ഡയാലിസിസ് രോഗികൾക്ക് ധനസഹായം സംബന്ധിച്ച്.

ഡയാലിസിസ് രോഗികൾക്ക് പ്രതിമാസം 4000 രൂപ ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകാൻ അനുമതിയുണ്ട്. ഇതിൽ 50 ശതമാനം തുക രോഗികൾക്ക് നേരിട്ടോ വാഹനമുടമയ്ക്കോ യാത്രാ ചെലവിനായി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ആവശ്യം പരിഗണിച്ചില്ല

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.17 <u>അടിമാലി ബ്ലോക്ക് പഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2022 ലെ അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2022 ലെ സി–2517/2022–ാം നമ്പർ കത്ത് (SRG 948/22 – CC /479/22).**

**വിഷയം:–** താലൂക്കാശുപത്രിയിൽ കാത്ത് ലാബ് നിർമ്മാണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 56/23* | *അടങ്കൽ* | *18,00,000 രൂപ*<br>*(മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ്)* |
| *പേര്* | *അടിമാലി താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ്* | |

അടിമാലി താലൂക്ക് ആശുപത്രിയിൽ CCU കാത്ത് ലാബ് നിർമ്മാണം നടന്നു വരുകയാണ്. എന്നാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18.00 ലക്ഷം രൂപ കൂടി വേണം. ഇതിനായി മറ്റു വിഹിതം കണ്ടെത്താൻ കഴിയുന്നില്ല. അതിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് കാത്ത് ലാബിനു ആവശ്യമായ ഉപകരണങ്ങൾ മാത്രം വാങ്ങുന്നതിന് അനുമതി നൽകുന്നു

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.18 <u>താമരശ്ശേരി ഗ്രാമപഞ്ചായത്ത്</u>

**ബഹു.കൊടുവള്ളി എം.എൽ.എയുടെ 20.09.2022 ലെ കത്തും താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2022 ലെ 1–ാം നമ്പർ തീരുമാനവും (SRG 1064/22).**

**വിഷയം:–** താമരശ്ശേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

കൊടുവള്ളി ബ്ലോക്കു പഞ്ചായത്തിന്റെ കീഴിലാണ് താമരശ്ശേരി താലൂക്കാശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ഡോക്ടറെ കൂടി നിയമിക്കേണ്ടതുണ്ട്. ബ്ലോക്കു പഞ്ചായത്തിന് ഇതിനുള്ള ഫണ്ടു കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇതിനാവശ്യമായ തുക ബ്ലോക്കു പഞ്ചായത്തു പരിധിയിൽ വരുന്ന താമരശ്ശേരി ഗ്രാമപഞ്ചായത്ത് നൽകാമെന്ന്

അറിയിച്ചിട്ടുണ്ട്. ഡോക്ടർക്കുള്ള വേതനം നൽകാൻ താമരശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഏതു സ്പെഷ്യാലിറ്റിയുള്ള ഡോക്ടറെയാണ് നിയമിക്കുന്നത് എന്നതടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:-1) ഡയറക്ടർ, ആരോഗ്യവകുപ്പ്**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.19 കിഡ്നി കെയർ കേരള, കണ്ണൂർ**

**പഞ്ചായത്തു ഡയറക്ടറുടെ 07.10.2022 ലെ** PAN/15172/2022 - J3 (DP) **നമ്പർ കത്തും കിഡ്നി കെയർ കേരള, കണ്ണൂർ ചെയർമാൻ** CMO **പോർട്ടലിലേക്ക് 29.08.2022 ൽ നൽകിയ കത്തും (SRG 1069/22).**

**വിഷയം:-** വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം സംബന്ധിച്ച്.

വൃക്കരേഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ താഴെ പറയുന്ന മാറ്റം വരുത്തണമെന്ന ആവശ്യം സംബന്ധിച്ച്.

**i.** വൃക്കരോഗികൾ ഡയാലിസിസ് ചെയ്യതിന് ഡയാലിസിസ് കേന്ദ്രത്തിൽ നൽകിയ ചെലവിന്റെ ബിൽ തദ്ദേശഭരണസ്ഥാപനത്തിൽ ഹാജരാക്കിയാൽ തുക രോഗിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** **(i)** കോഓർഡിനേഷൻ കമ്മിറ്റിയിലും മറ്റു തലത്തിലും വിശദമായ ചർച്ചയ്ക്കുശേഷമാണ് ഡയാലിസിസിനുള്ള ധനസഹായം ബന്ധപ്പെട്ട സർക്കാർ / സ്വകാര്യ ആശുപത്രിക്കു നേരിട്ടു നൽകിയാൽ മതിയെന്നു തീരുമാനിച്ചത്. ഈ രീതി തൽക്കാലം മാറ്റേണ്ടതില്ല എന്നു തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ii.** മാരക രോഗമുള്ള രോഗിയെ ചികിത്സിക്കുന്ന അംഗീകൃത യോഗ്യതയുള്ള ഡോക്ടർമാർ നൽകുന്ന മരുന്നിനുള്ള കുറിപ്പ് ഹാജരാക്കിയാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ മുഖേന മരുന്നു നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** (i) വൃക്കരോഗികൾക്കടക്കം സ്വകാര്യ ഡോക്ടർമാർ നൽകുന്ന കുറിപ്പനുസരിച്ച് സർക്കാർ ആശുപത്രി വഴി മരുന്നു നൽകുന്നത് പ്രായോഗികമല്ല എന്നു യോഗം വിലയിരുത്തി. അതിനാൽ ആവശ്യം പരിഗണിച്ചില്ല. എന്നാൽ ബന്ധപ്പെട്ട സർക്കാർ ആശുപത്രിയിൽ അവിടെയുള്ള ഡോക്ടർമാരുടെ ആവശ്യമനുസരിച്ച് മരുന്നു ലഭ്യമാക്കാൻ ആരോഗ്യ വകുപ്പുമായി ചേർന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(ii) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികളുടെ സഹായവും വൃക്കരോഗികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20 <u>കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്ത് (SRG 719/22- CC/418/22).**

**വിഷയം:-** ആംബുലൻസിന്റെ ആവർത്തന ചെലവിനു തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലെ തണ്ണീർ മുക്കം സി.എച്ച്.സി ക്ക് **MPLAD**-യിൽ ഒരു ആംബുലൻസ് അനുവദിച്ചിരുന്നു. എച്ച്.എം.സി ഫണ്ട് കുറവായതിനാൽ ഡ്രൈവറുടെ വേതനമടക്കമുള്ള ആവർത്തന ചെലവിന് വികസനഫണ്ട് ജനറൽ ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആംബുലൻസ് സൗജന്യ നിരക്കിലാണ് ഓടുന്നതെങ്കിലും അതിൽ നിന്നു ലഭിക്കുന്ന വരുമാനവും എച്ച്.എം.സി യിൽ നിന്നുള്ള വിഹിതവും ഉപയോഗിച്ച് ആവർത്തന ചെലവ് നിർവ്വഹിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.21 <u>ളാലം ബ്ലോക്ക് പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.22 - ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.06.2022 ലെ 1(7)-ാം നമ്പർ തീരുമാനവും (SRG 732/22- CC/413/22).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. ബ്ലോക്ക് വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.22 <u>പുത്തൻചിറ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 745/22 - CC/399/22).**

**വിഷയം:-** ജലനിധി പ്രോജക്ട് - ബാലൻസ് തുക നൽകൽ.

| | | |
|---|---|---|
| ***പ്രോ.നം: 33/23***<br>**(പഴയ നമ്പർ 140/2016)** | ***അടങ്കൽ*** | ***35,000 രൂപ***<br>*(തനതുഫണ്ട്)* |
| ***പേര്*** | ***ജലനിധി പുനരുദ്ധാരണം - ചിറ്റേപ്പാടം റോഡ്*** | |

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 2015-16 ൽ ജലനിധി പ്രോജക്ടിന്റെ ഭാഗമായി ചിറ്റേപ്പാടം റോഡ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. 100 മീറ്റർ നീളത്തിൽ പൈപ്പ സ്ഥാപിക്കുന്നതിനായി റോഡ് പൊളിച്ച് മെറ്റലിംഗ് നടത്താനായിരുന്നു പ്രോജക്ട്. ഇതിന്

ജലനിധി ഫണ്ടാണ് ഉൾപ്പെടുത്തിയിരുന്നത്. 05.02.2016 ൽ പ്രവർത്തി പൂർത്തീകരിച്ചു. ബിൽ തുക 33,781 രൂപ. ജലനിധി ഫണ്ട് ലഭിക്കാത്തതിനാൽ ബിൽ തുക നൽകിയില്ല. കഴിഞ്ഞ വർഷങ്ങളിലെല്ലാം ഇത് സ്പിൽ ഓവറായി തുടരുന്നുണ്ട്. ഈ തുക നൽകാൻ ഈ വർഷം പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.23 <u>നായരമ്പലം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2022 ലെ കത്തുകളും (2 എണ്ണം) പരിശോധന റിപ്പോർട്ടും PWD Bridges Section അസിസ്റ്റന്റ് എഞ്ചിനീയറുടെ 24.06.22 ലെ BP16/2001-ാം നമ്പർ കത്തും നായരമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.07.2022-ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 895/22 - CC/430/2022).**

**വിഷയം:-** നെടുങ്ങാട് പള്ളിപ്പാലം പൊളിച്ചു മാറ്റുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 27/23* | ***അടങ്കൽ*** | ***4,00,050 രൂപ*** |
| | *സി.എഫ്,സി ബെയിസിക് ഗ്രാന്റ്* | ***4,00,000 രൂപ*** |
| | *തനതുഫണ്ട്* | ***50 രൂപ*** |
| ***പേര്*** | ***നെടുങ്ങാട് പള്ളിപ്പാലം പൊളിച്ചു നീക്കംചെയ്യൽ*** | |

നായരമ്പലം ഗ്രാമപഞ്ചായത്തിൽ പുതിയ നെടുങ്ങാട് പാലം പൊതുമരാമത്ത് വകുപ്പ് 2020-ൽ 6.50 കോടി രൂപ മുടക്കി നിർമ്മിച്ചു. എന്നാൽ ഇതിന് സമാന്തരമായുള്ള പഴയപാലം പൊളിച്ചു നീക്കിയില്ല. ഇതു പൊളിച്ചു നീക്കുന്നതിനു **PWD (Bridges)** 2015-16ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 27,021 രൂപയാണ് ചെലവ്. ഈ തുക അപര്യാപ്തമായതിനാൽ പാലം പൊളിച്ചു നീക്കണമെന്ന് **PWD (Bridges)** ഗ്രാമപഞ്ചായത്തിനോടാവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ പഴയപാലവും **KSEB** കേബിളുകളും, **KWA** പൈപ്പും ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ നീക്കം ചെയ്യാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പാലം പൊളിച്ചു മാറ്റേണ്ട ചുമതല **PWD** യുടേതാണ് എന്ന് യോഗം വിലയിരുത്തി. തദ്ദേശഭരണസ്ഥാപനം ഇതിനായി വിഹിതം വകയിരുത്തേണ്ടതില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.24 <u>മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.8.2022, 23.08.2022 ലെ കത്തുകളും പരിശോധനാ റിപ്പോർട്ടും മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.2022 ലെ ഒന്നാം നമ്പർ തീരുമാനവും (SRG 903/22 - CC/464/2022).**

**വിഷയം: C.S.R** വിഹിതം ഉപയോഗിച്ച് **BM&BC** നിലവാരത്തില് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 168/23 | അടങ്കൽ | 1,00,00,000 രൂപ<br>(സി.എസ്.ആർ. വിഹിതം) |
|---|---|---|
| പേര് | അരക്കുന്നം പുളിക്കമാലി റോഡ് BM&BC നിലവാരത്തിൽ നിർമ്മിക്കൽ | |

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ മുളന്തുരുത്തി ആരക്കുന്നം പുളിക്കമാലി റോഡ് BM&BC നിലവാരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നു. ഈ റോഡ് 2014-ൽ PMGSY പദ്ധതി പ്രകാരം ടാർ ചെയ്തതാണ്. ഇപ്പോൾ അറ്റകുറ്റപ്പണി ആവശ്യമുണ്ട്. APTIV Connection System India Private Ltd. എന്ന കമ്പനി ഇതിനായി 37.33 ലക്ഷം രൂപ സി.എസ്.ആർ. വിഹിതമായി ഗ്രാമപഞ്ചായത്തിനു നൽകിയിട്ടുണ്ട്. ബാക്കി വിഹിതം കൂടി ലഭിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ റോഡിന് ട്രാഫിക് സാന്ദ്രത കൂടുതലാണെന്നും BM&BC നിലവാരത്തിൽ റോഡ് നിർമ്മിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. BM&BC നിലവാരത്തിൽ ഈ റോഡ് നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ്എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.25 <u>കുമ്പളം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.08.2022, 24.08.2022 എന്നീ തീയതികളിലെ കത്തും കുമ്പളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.07.2022 ലെ 10(1)-ാം നമ്പർ തീരുമാനവും (SRG 905/22 - CC/435/2022).**

**വിഷയം:-** 2018-19 ൽ അനുവദിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം മറ്റു ആവശ്യത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

കുമ്പളം ഗ്രാമപഞ്ചായത്ത് 2018-19 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആറാം വാർഡിലെ എക്കാല റോഡ് നിർമ്മാണം എന്ന പ്രോജക്ടിന് 5,15,000 രൂപ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചിരുന്നു. ഇത് പിന്നീടുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി തുടരുന്നുണ്ട്. പ്രാദേശികമായ തർക്കം നിലനിൽക്കുന്നതിനാൽ റോഡ് നിർമ്മാണം ആരംഭിക്കാൻ ഇതുവരെ സാധിച്ചില്ല. ഇനിയും ഇതിന്റെ നിർമ്മാണം തുടങ്ങാൻ ബുദ്ധിമുട്ടാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക ഉപയോഗിച്ച് ആറാം വാർഡിലെ തന്നെ മട്ടലിപ്പാടം റോഡ് നിർമ്മാണം എന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്തിന്റെ കൂടി അംഗീകാരം വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.26 <u>പനവൂർ ഗ്രാമപഞ്ചായത്ത്</u>

**<u>പഞ്ചായത്തു</u> ഡയറക്ടറുടെ 15.07.2022 ലെ** PAN/10191/2022-**ാം നമ്പർ <u>കത്തും</u> പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.06.2022 ലെ <u>കത്തും</u> പനവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.05.2022 ലെ 9(1)-ാം നമ്പർ തീരുമാനവും (SRG 998/22** - LSGD - DB1/235/22 - LSGD**).**

**വിഷയം:-** പോലീസ് സ്റ്റേഷനുവേണ്ടി കെട്ടിടം വിട്ടുനൽകുന്നത് സംബന്ധിച്ച്.

പനവൂർ ഗ്രാമപഞ്ചായത്തിൽ പനവൂർ ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ പോലീസ് വകുപ്പ് ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി അടിസ്ഥാന സൗകര്യത്തോടെ ഒരു കെട്ടിടം അനുവദിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോടു പോലീസ് അധികാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ശുചിത്വമിഷന്റെ സഹായത്തോടെ 2014-15 ൽ ഒരു അറവുശാലയുടെ നിർമ്മാണം ആരംഭിച്ചിരുന്നു. ആദ്യഗഡുവായി 20.00 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 18.99 ലക്ഷം രൂപ ഉപയോഗിച്ച് സ്ട്രക്ചർ പണിതു. 49.00 ലക്ഷം രൂപയുടെ അടങ്കലിൽ ആരംഭിച്ച പ്രവൃത്തിക്ക് ബാക്കി പണം ശുചിത്വമിഷൻ നൽകിയില്ല. ഈ കെട്ടിടം ഇപ്പോൾ നിർജ്ജീവ ആസ്തിയായി നിലനിൽക്കുന്നു. ഈ കെട്ടിടം പോലീസ് സ്റ്റേഷന് താല്ക്കാലികമായി വിട്ടുനൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഇങ്ങനെ പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി ഒരു വിദഗ്ധസമിതി നിലവിലുണ്ടെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ഈ വിദഗ്ധ സമിതി കൂടി ഇതു പരിശോധിച്ച് അറവുശാലക്കായി കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:-1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.27 <u>അന്നമനട ഗ്രാമപഞ്ചായത്ത്</u>

**അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2022 ലെ <u>കത്തും</u> അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.05.2022 ലെ 25/1-ാം നമ്പർ തീരുമാനവും (SRG 996/22** - LSGD - RC2/212/2022-LSGD**).**

**വിഷയം:-** ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിന്റെ വാടകകുടിശ്ശിക ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച്.

അന്നമനട ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 4/398 C കടമുറിയിൽ ശ്രീ അശോകൻ കണ്ണവേലിത്തറ എന്നയാൾ മീൻകച്ചവടം നടത്തി വരികയായിരുന്നു. 2020 ജൂൺ മുതൽ 2022 മാർച്ച് വരെ ഇതിനു വാടക നൽകിയില്ല. ആകെ വാടക കുടിശ്ശിക 10,854 രൂപ. ഗ്രാമപഞ്ചായത്ത് റെവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. അശോകൻ 07.10.2021 ൽ മരണപ്പെട്ടു. വളരെക്കാലം ചികിത്സയിലായതിനാൽ ഇവർക്ക് സാമ്പത്തിക

ബുദ്ധിമുട്ടുണ്ട്. ഇവരുടെ വാടക കുടിശ്ശിക ഒഴിവാക്കി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** വാടക കുടിശ്ശിക വരുത്തിയിരിക്കുന്ന കാലഘട്ടം കൊവിഡ് മഹാമാരിയുടെ സമയം കൂടിയായിരുന്നു എന്നതു കൂടി പരിഗണിച്ച് അനുമതി നൽകുന്നു

**നടപടി:– തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.28 <u>കുറ്റ്യാടി ഗ്രാമപഞ്ചായത്ത്</u>**

**കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2022 ലെ കത്ത് (SRG 995/22).**

**വിഷയം:–** ഗ്രാമന്യായാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിന് അടിസ്ഥാന സൗകര്യം സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ അഞ്ചുവർഷമായി ഗ്രാമന്യായാലയം പ്രവർത്തിക്കുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിൽ സൗകര്യകുറവുണ്ട്. ഈ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ 1.00 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ഇത് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയല്ലാത്തതിനാൽ അനുമതി പരിഗണിച്ചില്ല.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.29 <u>ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്</u>**

**ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.09.2022 ലെ** LP/832/20220917–ാം **നമ്പർ കത്തും 21.12.2020 ലെ 2358/20/തസ്വഭവ സർക്കാർ ഉത്തരവും അനുബന്ധരേഖകളും (SRG 1062/22).**

**വിഷയം:– KSEB** സെക്ഷൻ ഓഫീസ് കെട്ടിടത്തിനു വാടക നൽകുന്നതു സംബന്ധിച്ച്.

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് **KSEB** 01.10.2020 – ന് പുതിയ സെക്ഷൻ ഓഫീസ് ആരംഭിച്ചു. സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകണമെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ കെട്ടിടം വാടകയ്ക്ക് എടുത്ത് നൽകണമെന്നുമായിരുന്ന ധാരണ. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ പ്രതിമാസം 15,000 രൂപ നിരക്കിൽ കെട്ടിടം ഗ്രാമപഞ്ചായത്ത് രണ്ടു വർഷത്തേക്ക് വാടകയ്ക്കെടുത്തു നൽകി. ഇതിന്റെ കാലാവധി 30.09.2022 ന് പൂർത്തിയായി. ഇനി ഗ്രാമപഞ്ചായത്ത് വാടക നൽകുകയില്ലെന്ന് **KSEB** യെ അറിയിച്ചുവെങ്കിലും തീരുമാനം പുനഃപരിശോധിക്കണമെന്ന് **KSEB** ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സൗജന്യമായി സ്ഥലം **KSEB** ക്ക് നൽകാത്തതിനാൽ ഗ്രാമപഞ്ചായത്തു തന്നെ വാടക നൽകണമെന്ന് **KSEB** എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ രണ്ടു വർഷക്കാലത്തേക്കു കൂടി കാലാനുസൃതമായി വാടക വർദ്ധിപ്പിച്ച് കുടിശ്ശികയടക്കം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഒരു വർഷത്തേക്ക് കൂടി തനതു ഫണ്ടിൽ നിന്ന് വാടക നൽകാൻ അനുമതി നൽകുന്നു. തുടർന്ന് ഗ്രാമ പഞ്ചായത്തിൽ നിന്ന് വാടക നൽകാവുന്നതല്ല. ഈ സമയത്തിനകം KSEBയുമായുള്ള ധാരണ പ്രകാരം സ്ഥലം ലഭ്യമാക്കുന്ന കാര്യം ഗ്രാമപഞ്ചായത്ത് പരിഗണിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.30 <u>ഏറത്ത് ഗ്രാമപഞ്ചായത്ത്</u>**

**ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2022 ലെ കത്തും ഏറത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2022 ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 1027/22).**

**വിഷയം:-** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ നടത്തുന്നതു സംബന്ധിച്ച്.

മെയിന്റനൻസ് നടത്തേണ്ട റോഡുകളുടെ തുക വകയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഉപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 28.11.2012 ലെ 68228/**FM1/2012/** തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയവ നടത്താൻ അനുമതിയുണ്ട്. കൈമാറി കിട്ടിയ റോഡുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുക്കണമെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്ക് ഈ വർഷം എത്ര പ്രോജക്ടുകൾ എടുത്തിട്ടുണ്ട്, കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളുടെ ബാധ്യത എത്രയാണ്, മറ്റു റോഡുകൾക്ക് അറ്റകുറ്റപ്പണി ഈ വർഷം ആവശ്യമുണ്ടോ തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.31 <u>ചിതറ ഗ്രാമപഞ്ചായത്ത്</u>**

**ചിതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.09.2022 ലെ കത്ത് (SRG 917/2022).**

**വിഷയം:-** മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ശ്മശാന നിർമ്മാണം, റോഡു നിർമ്മാണം എന്നിവയ്ക്ക് അനുമതി സംബന്ധിച്ച്.

| | | | |
|---|---|---|---|
| i) | *പ്രോ.നം: 135/23* | ***അടങ്കൽ*** | ***9,00,000 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് – റോഡ്)* |
| | ***പേര്*** | ***ശ്മശാനത്തിനായി വാങ്ങിയ ഭൂമിക്ക് ചുറ്റുമതിൽ നിർമ്മാണം.*** | |
| ii) | *പ്രോ.നം: 134/23* | ***അടങ്കൽ*** | ***10,00,000 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് – റോഡ്)* |
| | ***പേര്*** | ***ശ്മശാനത്തിലേക്കുള്ള റോഡ് നിർമ്മാണം*** | |
| iii) | *പ്രോ.നം: 186/23* | ***അടങ്കൽ*** | ***20,00,000 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് – റോഡ്)* |
| | ***പേര്*** | **ക്രിമിറ്റോറിയം, കെട്ടിട നിർമ്മാണം** | |
| iv) | *പ്രോ.നം: 163/23* | ***അടങ്കൽ*** | ***2,73,672 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)* |
| | ***പേര്*** | ***ഗ്യാസ് ക്രിമിറ്റോറിയം*** | |

ശ്മശാനം നിർമ്മിക്കുന്നതിന് കഴിഞ്ഞവർഷം 32.80 ആർ സ്ഥലം വാങ്ങിയിരുന്നു. ഇവിടെ ശ്മശാനം നിർമ്മിക്കുന്നതിന് മുകളിൽ പറഞ്ഞ പ്രോജക്റ്റുകൾ ഈ വർഷം ഏറ്റെടുത്തിട്ടുണ്ട്. ഇവയിൽ ക്രമ.നം. **I, ii, iii** ന് റോഡ് മെയിന്റനൻസ് ഗ്രാന്റും ക്രമ.നം. **iv** ന് നോൺ റോഡ് മെയിന്റിൻസ് ഗ്രാന്റുമാണ് വകയിരുത്തിയിരിക്കുന്നത്. ഇവയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മതിയായ മറ്റു വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതു കൊണ്ട് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മുകളിൽ പറഞ്ഞ പ്രോജക്റ്റുകൾ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** മെയിന്റനൻസ് ഗ്രാന്റ് **(Road, Non Road)** ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.32 <u>വയനാട് ജില്ലാ ആസൂത്രണ സമിതി</u>**

**വയാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2022 ലെ കത്ത് (SRG 947/22 – CC /507/2022).**

**വിഷയം:–** റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡ് ടാറിംഗിന് അനുമതി സംബന്ധിച്ച്.

റോഡു നിർമ്മാണത്തിന്റെ ഭാഗമായി സോളിംഗ് നടത്തിയ നിരവധി റോഡുകൾ ടാറിംഗ് നടത്താതെ ജില്ലയിൽ ഉണ്ട്. വികസനഫണ്ടിന്റെ കുറവു മൂലം ഇത്തരം ടാറിംഗ് പ്രവർത്തികൾ ഏറ്റെടുക്കാൻ കഴിയുന്നില്ല. ആയതിനാൽ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം തുക മണ്ണ് / സോളിംഗ്, റോഡു ടാറിംഗ് എന്നിവ നടത്തുന്നതിന് 18.07.2022 ലെ ജില്ലാ ആസൂത്രണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.33 <u>കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്</u>

**കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2022 ലെ കത്ത് (SRG 936/22).**

**വിഷയം:** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ മെയിന്റനൻസ് നടത്തിയതിനുശേഷം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** അനുമതി നിരസിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.34 <u>ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.08.2022 ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.07.2022 ലെ 1(6)–ാം നമ്പർ തീരുമാനവും (SRG 902/22 – CC/452/2022).**

**വിഷയം:** എസ്റ്റേറ്റ് പ്രദേശത്തെ റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 156/23* | *അടങ്കൽ* | *5,18,000 രൂപ (റോഡ് മെയിന്റനൻസ് ഫണ്ട്)* |
| *പേര്* | *മലക്കപ്പാറ ഹോസ്പിറ്റൽ റോഡ് അറ്റകുറ്റപ്പണി* | |

ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ 11–ാം വാർഡിലുള്ള ഈ റോഡ് ടാറ്റാ കോഫി ലിമിറ്റഡിന്റെ എസ്റ്റേറ്റ് വഴിയാണ് കടന്നു പോകുന്നത്. വർഷങ്ങളായി ഈ റോഡിന്റെ അറ്റകുറ്റപ്പണി എസ്റ്റേറ്റ് കമ്പനി നടത്തുന്നില്ല. അതിനാൽ ഈ റോഡ് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** പൊതുജനങ്ങളുടെ ഉപയോഗത്തിന് റോഡ് തുറന്നു കൊടുക്കുമെന്ന് എസ്റ്റേറ്റ് കമ്പനി ഗ്രാമപഞ്ചായത്തുമായി കരാർ വയ്ക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.35 <u>പാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.08.2022 ലെ കത്തും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022ലെ 5(1) 22–23–ാം നമ്പർ തീരുമാനവും (SRG 913/22 – CC /454/22).**

**വിഷയം:–** ബ്ലോക്കു പഞ്ചായത്ത് സമുച്ചയത്തിന് അറ്റകുറ്റപ്പണി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 59/23* | *അടങ്കൽ* | *8,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| *പേര്* | *ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനു പെയിന്റിംഗും അറ്റകുറ്റ പ്രവൃത്തികളും* | |

ബ്ലോക്കുപഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളായ ശിശുവികസന ഓഫീസ്, പട്ടികജാതി വികസന ഓഫീസ്, കൃഷി അസി.ഡയറക്ടറുടെ ഓഫീസ്, ക്ഷീര വികസന ഓഫീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ ഒറ്റകെട്ടിടത്തിലാണ്. ഈ കെട്ടിട സമുച്ചയത്തിന്റെ പെയിന്റിംഗിനും അറ്റകുറ്റപ്പണിക്കും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഇത്തരം പ്രവൃത്തികൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എങ്കിലും കൈമാറ്റം ചെയ്യപ്പെട്ട ഘടക സ്ഥാപനങ്ങളും ഇവിടെ ഉണ്ട് എന്നതു പരിഗണിച്ച് പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.36 <u>പാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.08.2022 ലെ കത്തും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 5(1)/22-23-ാം നമ്പർ കത്തും (SRG 914/22 - CC /453/22).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 71/23* | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | | *(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)* |
| ***പേര്*** | ***ബ്ലോക്ക് ഓഫീസ് സമുച്ചയത്തിൽ ലിഫ്റ്റ് സ്ഥാപിക്കൽ*** | |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.37 <u>ചിങ്ങോലി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022ലെ കത്ത് (SRG 911/22 - CC/476/22).**

**വിഷയം:** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പാലം നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 83/23* | ***അടങ്കൽ*** | ***37,00,000 രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് റോഡ്* | ***36,83,244 രൂപ*** |
| | *തനത് ഫണ്ട്* | ***16,756 രൂപ*** |
| ***പേര്*** | ***തയ്യിൽ പാലം നിർമ്മാണം*** | |

ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി വെമ്പുഴ റോഡ് **PMGSY** പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികളിലേക്ക് കടക്കുന്നു. ഈ റോഡിൽ ഗ്രാമപഞ്ചായത്തിലെ 1, 13 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തയ്യിൽ പാലം ഇപ്പോൾ അപകടാവസ്ഥയിലാണ്. **PMGSY** പദ്ധതിയിൽ റോഡിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പാലത്തിന് കേടുപാടുകൾ ഇല്ലാതിരുന്നതിനാൽ പാലത്തിന്റെ നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പാലം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** PMGSY യിൽ നിന്ന് പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക ലഭിക്കുമോ എന്നതു സംബന്ധിച്ച് PMGSY ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായമാരാഞ്ഞ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:–1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**2)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.38 <u>തലശ്ശേരി ബ്ലോക്കു പഞ്ചായത്ത്</u>**

**<u>കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2022 ലെ കത്തും (4എണ്ണം) തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.08.2022 ലെ 58F/22-23-ാം നമ്പർ തീരുമാനവും</u> (SRG 966/22 – CC/523/22, SRG 965/22 – CC/519/22, SRG 987/22 – CC/520/22, SRG 986/22 – CC/521/22).**

**വിഷയം:–** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| i) | *പ്രോ.നം: 68/23* | *അടങ്കൽ* | *20,14,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | *പേര്* | *ബ്ലോക്ക് ഓഫീസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നവീകരണം* | |
| ii) | *പ്രോ.നം: 55/23* | *അടങ്കൽ* | *8,50,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | *പേര്* | *ആധുനിക കോൺഫറൻസ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം പ്രൊജക്ടർ എന്നീ സംവിധാനം ഒരുക്കൽ* | |
| iii) | *പ്രോ.നം: 56/23* | *അടങ്കൽ* | *5,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | *പേര്* | *ബ്ലോക്ക് ഓഫീസ് നവീകരണം* | |
| iV) | *പ്രോ.നം: 64/23* | *അടങ്കൽ* | *4,50,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| | *പേര്* | *ബ്ലോക്ക് കാന്റീൻ നവീകരണം* | |

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് 2022-23 വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിഭാഗത്തിൽ 64.18 ലക്ഷം രൂപയാണ് ലഭിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിനു കൈമാറി

കിട്ടിയ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, CDPO ഓഫീസ് (2എണ്ണം) എന്നിവ വാടകകെട്ടിടത്തിലും ക്ഷീരവികസന ഓഫീസ് തലശ്ശേരി മിനി സിവിൽ സ്റ്റേഷൻ ഓഫീസിലുമാണ് പ്രവർത്തിക്കുന്നത്. പിണറായി സി.എച്ച്.സിക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളു. ഇതിനടക്കം നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 26.04 ലക്ഷം രൂപയുടെ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പിണറായി സി.എച്ച്.സിക്ക് നബാർഡ് ധനസഹായത്തോടെ 19.75 കോടി രൂപയുടെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** മെയിന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഈ മാർഗ്ഗരേഖ അന്തിമമാക്കിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് നൽകാൻ ബ്ലോക്ക് പഞ്ചായത്തിനോടു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.39 <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2022 ലെ കത്ത് (SRG 750/22 - CC/448/22).**

**വിഷയം :-** പള്ളിവിളക്കുകൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 269/23*** | ***അടങ്കൽ*** | ***20,000 രൂപ (തനതുഫണ്ട്)*** |
| ***പേര്*** | ***പള്ളിവിളകൾക്ക് ധനസഹായം*** | |

ആറന്മുള ഗ്രാമപഞ്ചായത്തിലെ നീർവിളാകം, പള്ളിമുക്കം ക്ഷേത്രങ്ങളിൽ തടിയിൽ നിർമ്മിച്ച പൈതൃക കലാരൂപമായ പള്ളിവിളക്കുകൾ ഉത്സവകാലത്ത് തെളിയിക്കാറുണ്ട്. ഈ വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായത്തിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.40 <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2022 ലെ കത്ത് (SRG 751/22 - CC/447/22).**

**വിഷയം :-** പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 185/23*** | ***അടങ്കൽ*** | ***1,75,000 രൂപ (തനതുഫണ്ട്)*** |
| ***പേര്*** | ***പള്ളിയോടങ്ങൾക്ക് ഗ്രാന്റ്*** | |

ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ ആറന്മുള ഗ്രാമപഞ്ചായത്തിലെ 7 പള്ളിയോടങ്ങൾ പങ്കെടുക്കാറുണ്ട്. ഈ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പള്ളിയോടങ്ങളുടെ അറ്റകുറ്റപ്പണിക്ക് ഗ്രാന്റ് നൽകാൻ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് 21.08.2022 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയോഗം അനുമതി നൽകിയിട്ടുണ്ട്. (ഖണ്ഡിക 4.28). ഒരു പള്ളിയോടത്തിന് 10000 രൂപ വീതം. ജില്ലാ പഞ്ചായത്തടക്കം മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം ധനസഹായം ലഭിക്കാത്ത പള്ളിയോടങ്ങൾക്ക് മാത്രം (ഇരട്ടിപ്പ് ഒഴിവാക്കി) 10,000 രൂപ നിരക്കിൽ നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.41 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2022 ലെ കത്തും പന്തളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.08.2022 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 894/2022 - CC/462/2022).**

**വിഷയം:-** പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 53/23* | *അടങ്കൽ* | *70,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *പള്ളിയോടങ്ങൾക്ക് ഗ്രാന്റ്* | |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 പള്ളിയോടങ്ങൾക്ക് 10,000 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പള്ളിയോടങ്ങളുടെ അറ്റകുറ്റപ്പണിക്ക് ഗ്രാന്റ് നൽകാൻ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് 21.08.2022 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയോഗം അനുമതി നൽകിയിട്ടുണ്ട്. (ഖണ്ഡിക 4.28). ഒരു പള്ളിയോടത്തിന് 10000 രൂപ വീതം. ജില്ലാ പഞ്ചായത്തടക്കം മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം ധനസഹായം ലഭിക്കാത്ത പള്ളിയോടങ്ങൾക്ക് മാത്രം (ഇരട്ടിപ്പ് ഒഴിവാക്കി) 10,000 രൂപ നിരക്കിൽ നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.42 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.8.2022 ലെ കത്ത് (SRG 901/22 - CC/376/2022).**

**വിഷയം:-** പൊതുവിഭാഗത്തിന് കുടിവെള്ള ടാങ്ക് വിതരണം.

| | | |
|---|---|---|
| *പ്രോ.നം: 8/22* | *അടങ്കൽ* | *18,63,000 രൂപ* |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *13,97,250 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *4,65,750 രൂപ* |
| *പേര്* | *കുടിവെള്ള ടാങ്ക് വിതരണം* | |

കുടിവെള്ളം സംഭരിക്കുന്നതിന് പൊതു വിഭാഗത്തിന് ടാങ്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.43 <u>തുറവൂർ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2022 ലെ കത്തും തുറവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.06.2022 ലെ 29(1)-ാം നമ്പർ തീരുമാനവും (SRG 651/22 - CC /388/22).**

**വിഷയം:-** പൊതു വിഭാഗത്തിന് വാട്ടർ ടാങ്ക് വിതരണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 18/23* | *അടങ്കൽ* | *38,60,000 രൂപ* |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *29,71,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *8,89,000 രൂപ* |
| *പേര്* | *മഴവെള്ള സംഭരണ പി.വി.സി ടാങ്ക് വാങ്ങി നൽകൽ* | |

പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.44 <u>മണിമല ഗ്രാമപഞ്ചായത്ത്</u>**

**മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.09.2022 ലെ** SC2-01/22-**ാം നമ്പർ കത്ത് (SRG 982/22).**

**വിഷയം:-** ഓഫീസിന് വാഹനം വാങ്ങൽ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ വാഹനം ലേലം ചെയ്തു. തനതുഫണ്ടുപയോഗിച്ച് പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലേക്ക് വാഹനം വാങ്ങുന്നതിന് പരമാവധി 13 ലക്ഷം രൂപ ഉപയോഗിക്കാം. ഗ്രാമപഞ്ചായത്ത് വാങ്ങാനുദ്ദേശിക്കുന്ന മഹേന്ദ്ര കമ്പനിയുടെ മരാസോ 7 സീറ്റർ വാഹനത്തിന് 13 ലക്ഷം രൂപ വിലയാകും. ടാക്സും അനുബന്ധചെലവുമുൾപ്പടെ 2.00 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. ഇതു കൂടി ഉൾപ്പെടുത്തി വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ വാഹനം വാങ്ങുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ, നിരക്ക് എങ്ങനെ എന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.45 <u>എറണാകുളം ജില്ലാപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2022 ലെ കത്തുകളും (2 എണ്ണം) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ടും അനുബന്ധരേഖകളും (SRG 748/22 - CC/423/22).**

**വിഷയം:-** മത്സ്യകൃഷിക്കുള്ള പ്രോജക്ടു ഏറ്റെടുക്കുന്നത് സംബന്ധിച്ച്.

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് മുറ്റത്തൊരു മീൻതോട്ടം എന്ന പ്രോജക്ട് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ടു ഏറ്റെടുക്കാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ഈ പദ്ധതി ജില്ലയിലാകെ നടപ്പാക്കാൻ ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു. അതിനാൽ ഈ പ്രോജക്ടു ജില്ലാ പഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരുമായി ചർച്ച ചെയ്ത് സംയുക്തമായി നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. മുഖ്യ നിർവ്വഹണ സ്ഥാപനമായി ഗ്രാമപഞ്ചായത്തുകളെ നിശ്ചയിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നടപ്പാക്കുന്ന രീതി പരിഗണിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.46 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2022 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2022 ലെ B- 1447/22 -ാം നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 09.06.2022 ലെ 9 (1)-ാം നമ്പർ തീരുമാനവും അനുബന്ധകുറിപ്പും (SRG 749/22 - CC/437/22).**

**വിഷയം:-** പട്ടികജാതി സങ്കേതങ്ങളിൽ സോളാർ ലൈറ്റു സ്ഥാപിക്കുന്നതു സംബന്ധിച്ച്

പന്തളം ബ്ലോക്ക് പഞ്ചായത്ത് 2012-13 വാർഷിക പദ്ധതിയിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ എടുത്തിരുന്നു. ആകെ 63 സ്ഥലങ്ങളിലായി സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാനായിരുന്നു ലക്ഷ്യം.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | തുക (എസ്.സി.പി) |
|---|---|---|---|
| 1 | 175/12-13 | കുളനട ഡിവിഷനിൽ പട്ടികജാതി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 2 | 178/12-13 | പന്തളം പഞ്ചായത്ത് 11,12,13 വാർഡുകളിലെ കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 3 | 179/12-13 | ബ്ലോക്ക് പഞ്ചായത്തിന്റെ ഡിവിഷൻ 9 ലെ കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 4 | 183/12-13 | ബ്ലോക്ക് പഞ്ചായത്തിന്റെ മുടിയൂർക്കോണം ഡിവിഷനിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 5 | 184/12-13 | ഉളനാട് ഡിവിഷനിൽ പുന്നക്കുന്ന് കാളുവേലി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 1,35,000 രൂപ |
| 6 | 193/12-13 | കീരുക്കുഴി ഡിവിഷനിൽ പട്ടികജാതി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ | 6,00,000 രൂപ |

| | | | |
|---|---|---|---|
| 7 | 194/12-13 | മൂടിയൂർക്കോണം ഡിവിഷനിൽ ചേരിക്കൽ കോളനി പുതുവന കോളനി മന്നത്ത് കോളനി, പ്ലാവില കോളനി, ദൈവത്തറ കോളനി, പൂളയിൽ കോളനി തുടങ്ങിയ സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക | 5,65,058 രൂപ |
| | | **ആകെ** | **18,40,050 രൂപ** |

ഈ തുക അനെർട്ടിൽ ഡിപ്പോസിറ്റ് ചെയ്തു. 2013-14 ൽ അനെർട്ട് ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തി പ്രവൃത്തി ഏൽപ്പിച്ചു. എന്നാൽ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഈ കാലയളവിൽ ഒരു ലൈറ്റിന് 30,000 രൂപ വീതം സർക്കാർ സബ്സിഡി ഉണ്ടായിരുന്നു. ഇപ്പോൾ സർക്കാർ സബ്സിഡി ഇല്ല. അതിനാൽ അനെർട്ടിൽ ഡിപ്പോസിറ്റ് ചെയ്ത തുകയ്ക്ക് മുഴുവൻ വിളക്കുകളും സ്ഥാപിക്കാൻ കഴിയില്ല എന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്.

ആദ്യം തെരഞ്ഞെടുത്ത പട്ടികജാതി സങ്കേതങ്ങളിൽ 21 എണ്ണം പുതിയതായി രൂപീകരിച്ച പന്തളം നഗരസഭാ പ്രദേശത്തു വരുന്നതാണ്. ശേഷിക്കുന്ന 18 സങ്കേതങ്ങൾ പന്തളം ബ്ലോക്കു പഞ്ചായത്തു പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. താഴെ പറയുന്ന ഈ സങ്കേതങ്ങളിൽ 35,000 രൂപ നിരക്കിൽ സോളാർ ലൈറ്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതിന്റെ പ്രവൃത്തി ഭാഗികമായി നടന്നിട്ടുണ്ട്. ഒപ്പം ഈ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശഭരണവകുപ്പിന് നേരിട്ടു കത്തയച്ചിട്ടുണ്ടെന്നും ഇപ്പോൾ വിഷയം ഊർജ്ജവകുപ്പിന്റെ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റി ഒഴികെയുള്ള പന്തളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന സൗരോർജ്ജ വിളക്ക് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത കോളനികളുടെ ലിസ്റ്റ്

| ക്രമ നമ്പർ | സോളാർ ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലം | കുറിപ്പ് |
|---|---|---|
| 1 | ആൽത്തറപ്പാട്ട് ജംഗ്ഷൻ 8-ാം വാർഡ് കുളനട ഗ്രാമപഞ്ചായത്ത് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 2 | കാളുവേലി കോളനി 7-ാം വാർഡ് കുളനട ഗ്രാമപഞ്ചായത്ത് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 3 | ഇടവട്ടം കോളനി 6-ാം വാർഡ് കുളനട ഗ്രാമപഞ്ചായത്ത് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 4 | കുമ്പിൾ മോടി കോളനി – കുളനട ഡിവിഷൻ | പോസ്റ്റും ബാറ്ററി സ്റ്റാന്റും സൈറ്റിൽ ഇറക്കിവെച്ചിട്ടുണ്ട്. |
| 5 | കുറകുളഞ്ഞി കോളനി – കുളനട ഡിവിഷൻ | പോസ്റ്റും ബാറ്ററി സ്റ്റാന്റും സൈറ്റിൽ ഇറക്കിവെച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 6 | ആലവട്ടക്കുറ്റി കോളനി – കുളനട ഡിവിഷൻ | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 7 | കരിയറ കോളനി – കുളനട ഡിവിഷൻ<br>(പാലക്കാട്ടുമോടി കോളനി) | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 8 | വാലുകുറ്റി – കുളനട ഡിവിഷൻ | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 9 | മലേതിൽ കോളനി – കീരുകുഴി ഡിവിഷൻ<br>കീരുകുഴി ഭാഗം – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 10 | മൂർത്തിവിള കോളനി (തട്ടയിൽ വാർഡ് ) | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 11 | കീച്ചേരി ഏലാപ്പടി കോളനി – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 12 | ഐ.എച്ച്.ഡി.പി കോളനി – (മങ്കുഴി വാർഡ് ) –<br>3 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 13 | കൊയാട്ടുകുറ്റി കോളനി –3 എണ്ണം (കീരുകുഴി വാർഡ് ) | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 14 | കുമ്പഴകുറ്റി കോളനി – ഇടമാലി വാർഡ് – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 15 | തേവരകുറ്റി കോളനി – ഇടമാലി വാർഡ് – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 16 | കുഴിക്കാല കോളനി – ഇടമാലി വാർഡ് | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |
| 17 | ലക്ഷംവീട് കോളനി – പാറക്കര – 2 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |

| | | |
|---|---|---|
| 18 | ഉടയാം മുരുപ്പ് കോളനി – മല്ലിക വാർഡ്<br>3 എണ്ണം | ലൈറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബാറ്ററി വെച്ച് പ്രവർത്തനക്ഷമം ആക്കിയിട്ടില്ല. |

**തീരുമാനം–** 1) നിർവ്വഹണത്തിന് ഒൻപത് വർഷത്തോളം കാലതാമസം വന്ന പ്രോജക്ട് ആയതിനാൽ വിശദ പരിശോധന ആവശ്യമുള്ള താണ് എന്ന് യോഗം വിലയിരുത്തി. കൂടാതെ ഇതു സംബന്ധിച്ച് ഫയൽ ഊർജ്ജവകുപ്പിന്റെ പരിഗണനയിൽ ഉണ്ട്. ഇതിന്മേൽ മറ്റ് ഏജൻസികളുടെ അന്വേഷണമുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.47 <u>പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2022 ലെ 12(1)–ാം നമ്പർ തീരുമാനവും (SRG 716/22 – CC/406/22).**

**വിഷയം :–** കന്നുകുട്ടി / കാളകുട്ടി പരിപാലനം

പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ട്. പൊതു/പട്ടികജാതി വിഭാഗത്തിന് തദ്ദേശഭരണസ്ഥാപന വിഹിതം 6250 രൂപ, സംസ്ഥാന വിഹിതം 6250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്നിങ്ങനെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം സബ്സിഡി നൽകാം. സംസ്ഥാന വിഹിതമായ 6250 രൂപ ലഭിക്കാതെ വന്നാൽ ഈ തുക കൂടി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** സംസ്ഥാന (ക്ഷീരവികസന വകുപ്പ്) വിഹിതം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്. ഇപ്പോൾ അനുമതി നൽകേണ്ടതില്ലെന്നു തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.48 <u>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022 ലെ II (1)–ാം നമ്പർ തീരുമാനവും**
**(SRG 960/22 – CC/482/22).**

**വിഷയം :–** അടുക്കള മെച്ചപ്പെടുത്തൽ (സ്മാർട്ട് കിച്ചൻ) സംബന്ധിച്ച് – വനിത ജനറൽ

| | | |
|---|---|---|
| ***പ്രോ.നം: 97/23*** | ***അടങ്കൽ*** | ***15,00,000 രൂപ***<br>*(വികസനഫണ്ട് – ജനറൽ)* |
| ***പേര്*** | ***സ്മാർട്ട് കിച്ചൺ – വനിത*** | |

അർഹരായ ഗുണഭോക്താക്കൾക്ക് നിലവിലുള്ള അടുക്കളയിൽ കിച്ചൺ സ്ലാബ് നിർമ്മാണം, സ്ലാബ് ഗ്രാനൈറ്റ് / മാർബിൾ/ടൈൽ എന്നിവ ഉപയോഗിച്ച് വൃത്തിയാക്കൽ, അടുക്കളയുടെ തറ ടൈൽസ് പാകൽ, കിച്ചൺ സിങ്ക് സ്ഥാപിക്കൽ, പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കൽ, അടുക്കളയിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് റാക്ക്, അലമാര എന്നിവ സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനം. ഒരു ഗുണഭോക്താവിന് 60,000 രൂപ വീതം നൽകാനാണ് ഉദ്ദേശിക്കുന്നത്. ആകെ 25 ഗുണഭോക്താക്കൾ. വനിതാ ഘടകപദ്ധതിയിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വനിത ശിശുവികസന വകുപ്പിന്റെ കൂടി അഭിപ്രായം ആരാഞ്ഞ് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.49 <u>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022 ലെ II (1)-ാം നമ്പർ തീരുമാനവും (SRG 959/22 - CC/483/22).**

**വിഷയം:-** അടുക്കള മെച്ചപ്പെടുത്തൽ (സ്മാർട്ട് കിച്ചൻ) സംബന്ധിച്ച് - എസ്.സി വനിത

| | | |
|---|---|---|
| *പ്രോ.നം: 135/23* | *അടങ്കൽ* | *16,25,000 രൂപ (എസ്.സി.പി)* |
| *പേര്* | *സ്മാർട്ട് കിച്ചൺ - എസ്.സി. വനിത* | |

അർഹതയുള്ള ഗുണഭോക്താക്കൾക്ക് നിലവിലുള്ള സ്ലാബിലെ മുകൾവശം 2 അടി ഉയരത്തിൽ ടൈൽ പാകൽ, പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കൽ, കിച്ചൺ സിങ്ക് സ്ഥാപിക്കൽ, അടുക്കളയുടെ തറ ടൈൽപാകി വൃത്തിയാക്കൽ, അടുക്കളയിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് റാക്ക്, അലമാര എന്നിവ സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ. ഒരു ഗുണഭോക്താവിന് 65,000 രൂപ വീതം നൽകുന്നു. ആകെ 25 ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. വനിതാഘടക പദ്ധതിയിലാണ് പ്രോജക്ട് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വനിത ശിശുവികസന വകുപ്പിന്റെ കൂടി അഭിപ്രായം ആരാഞ്ഞ് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.50 <u>കോട്ടുകാൽ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.08.2022 ലെ A2-1143/2022-ാം നമ്പർ കത്ത് (SRG 1000/22 ).**

**വിഷയം :-** തെരുവുവിളക്ക് മെയിന്റനൻസ് സംബന്ധിച്ച്

| പ്രോ.നം: 1/23 | അടങ്കൽ | 12,92,000 രൂപ |
|---|---|---|
| പേര് | തെരുവു വിളക്ക് മെയിന്റനൻസ് | |

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കിന്റെ അറ്റകുറ്റപ്പണിക്ക് 2021-22 ൽ ശ്രീ സുരേഷ് കുമാർ പി, എസ്.ബി. ഇലക്ട്രിക്കൽ വർക്സ്, ഉച്ചക്കട എന്നയാളെയാണ് ടെണ്ടറിലൂടെ ചുമതലപ്പെടുത്തിയത്. ഇയാൾ സമർപ്പിച്ച ടെണ്ടർ KSEB യുടെ അംഗീകൃത നിരക്കിനേക്കാൾ വിളക്കുകളുടെ മെയിന്റനൻസിന് 11 ശതമാനവും പുതിയ വിളക്കുകൾക്ക് 4.5 ശതമാനവും കുറവാണ്. ഇയാൾ തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റരീതിയിലാണ് നടത്തിയിട്ടുള്ളത്. അതിനാൽ 21.03.2022 ലെ ഭരണസമിതി തീരുമാന പ്രകാരം ഇയാൾക്കു തന്നെ ടെണ്ടർ കാലാവധി പുതുക്കി നിശ്ചയിച്ച് 2022-23 ലെ തെരുവ് വിളക്ക് മെയിന്റനൻസും ഏല്പിച്ചു. ഇങ്ങനെ പഴയ കരാറുകാരനു തന്നെ പ്രവൃത്തി ഏല്പിക്കാൻ ഭരണസമിതി തീരുമാനമെടുത്തപ്പോൾ പുതിയ ടെണ്ടർ വിളിക്കണമെന്ന് സെക്രട്ടറി അറിയിച്ചിരുന്നുവെങ്കിലും പുതിയ ടെണ്ടർ ക്ഷണിച്ചാൽ നിരക്ക് വർദ്ധിക്കാനും അതുവഴി അധിക ചെലവ് വരാൻ ഇടയുണ്ടെന്നും യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് പഴയ ആൾക്ക് തന്നെ ഈ വർഷത്തെ പ്രവൃത്തിയും നൽകിയത്. ഈ കരാറുകാരന് ഈ വർഷത്തെ പ്രവൃത്തിയുടെ ബിൽ പ്രകാരം തുക നൽകാനും തുടർന്നും ഇയാൾ മുഖേന വർക്ക് ചെയ്യുന്നതിന് അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** കുറഞ്ഞ നിരക്കിൽ കുറ്റമറ്റ രീതിയിൽ കരാറുകാരൻ പ്രവൃത്തി ചെയ്തു എന്നതുകൂടി പരിഗണിച്ച് പ്രവൃത്തിയുടെ ബിൽ തുക നൽകാൻ അനുമതി നൽകുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിലേക്കു കടക്കുന്ന സാഹചര്യത്തിൽ ഈ കരാറുകാരനെ കൊണ്ട് ഈ വർഷത്തെ പ്രവൃത്തികൾ കൂടി ചെയ്യിപ്പിക്കാൻ അനുമതി നൽകുന്നു. അടുത്ത വർഷം നിയമ പ്രകാരമുള്ള നടപടി ക്രമത്തിലൂടെ കരാറുകാരനെ തെരഞ്ഞെടുക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.51 <u>പൂവച്ചൽ ഗ്രാമപഞ്ചായത്ത്</u>**

**ബഹു. അരുവിക്കര MLAയുടെ 28.06.2022 ലെ 322/MLA/ARVK/2022-ാം നമ്പർ കത്തും പൂവച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2022 ലെ V1(15)-ാം നമ്പർ തീരുമാനവും (SRG 997/22- LSGD-FM2/99/22/LSGD).**

**വിഷയം:-** ഗ്രന്ഥശാലകളുടെ വൈദ്യുതി ബില്ലും പത്രമാസികകളുടെ ബില്ലും നൽകാൻ അനുമതി.

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ജനതാ ഗ്രന്ഥശാല, പ്രിയദർശിനി ഗ്രന്ഥശാല, മിനി നഗർ കൾച്ചറൽ അസോസിയേഷൻ ഗ്രന്ഥശാല എന്നിവ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്തതാണ്. ഈ ഗ്രന്ഥശാലകളിലെ വൈദ്യുതി ബിൽ, പത്രമാസികകൾ എന്നിവയുടെ ചെലവ് ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിൽ നൽകുന്ന ഗ്രാന്റിൽ നിന്ന് ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

4.52 <u>പാലക്കാട് ജൈവകാർഷിക ഉത്പാദന വിപണന സമിതി</u>

**പാലക്കാട് ജൈവകാർഷിക ഉല്പാദന വിപണന സമിതി (Reg.No. PKD/CA/81/2021) സെക്രട്ടറിയുടെ 07.09.2022 ലെ കത്തും 26.07.22 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സും (SRG 938/22).**

**വിഷയം:–** കൃഷിക്ക് – സബ്സിഡി നൽകുന്നതിൽ വ്യക്തത വരുത്തുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി– ധനസഹായമാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022 തസ്വഭവ നമ്പർ ഉത്തരവ്) ജൈവവളം, കുമ്മായം, ഡോളോമൈറ്റ് (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ) വളർച്ചാ ത്വരകങ്ങൾ, ജീവാണുവളങ്ങൾ എന്നിവ സബ്സിഡിയോടെ നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി മേഖലയിലെ സബ്സിഡിയിൽ ചില ഭേദഗതി വരുത്തണമെന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് 23.07.22 ൽ എസ്.ആർ.ജി ഓഫീസിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുമായി യോഗം ചേർന്നു. ഈ യോഗത്തിൽ ജൈവവളം വാങ്ങുന്നതിന് മാർഗ്ഗരേഖയിൽ ഖണ്ഡിക 6.1 ക്രമനമ്പർ 1–ൽ പറയുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവകൂടി ഉൾപ്പെടുത്തണമെന്ന് കൃഷി വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗത്തിൽ ജൈവവളം വാങ്ങുന്നതിനു നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ "ജൈവവളം" എന്നതിനുപകരം മാർഗ്ഗരേഖയിൽ ഖണ്ഡിക 6.1 ക്രമനമ്പർ 1 ൽ പറയുന്ന എല്ലാ ഇനങ്ങളും (ജൈവവളം, കുമ്മായം, ഡോളോമൈറ്റ്, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ വളർച്ചാ ത്വരകങ്ങൾ ജീവാണു വളങ്ങൾ) എന്ന് ചേർക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗതീരുമാന പ്രകാരം സബ്സിഡി – ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 6.1 ക്രമ നമ്പർ 1–ൽ ജൈവവളം വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്ന് ജൈവവളം വാങ്ങാം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങാവുന്ന ജൈവവളം എന്നതിനു പകരം സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ക്രമ നമ്പർ 1 ൽ A,B,C ഇനമായി പറയുന്ന എല്ലാ ഇനങ്ങളും (ജൈവ വളം, കുമ്മായം, ഡോളോമൈറ്റ്, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ വളർച്ചാ ത്വരകങ്ങൾ, ജീവാണു വളങ്ങൾ) എന്നിവ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നു വാങ്ങാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.53 <u>കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്</u>**

**കേരളഖാദി ഗ്രാമവ്യവസായ ബോർഡ് വൈസ് ചെയർമാന്റെ 23.09.2022 ലെ കത്ത് (SRG 1028/2022).**

**വിഷയം:–** ഖാദിവ്യവസായ യൂണിറ്റിനു നൽകിയിരുന്ന പഴയ സബ്സിഡി – ധനസഹായ നിരക്ക് പുനഃസ്ഥാപിക്കണമെന്നതു സംബന്ധിച്ച്.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് 26.07.2020 ലെ 1400/2020/തസ്വഭവ ഉത്തരവു പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി/ധനസഹായ നിരക്ക് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020 ലെ യോഗ തീരുമാനമനുസരിച്ച് 26.07.2020 ലെ 1400/2020/തസ്വഭവ ഉത്തരവു പ്രകാരം അന്നു നിലനിന്ന (13–ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ) മാർഗ്ഗരേഖയിൽ ഖാദി യൂണിറ്റുകൾക്ക് നൽകാവുന്ന ധനസഹായം സംബന്ധിച്ച് താഴെ പറയുന്നവ കൂട്ടി ചേർത്തു.

**“**ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. മറ്റുസ്ഥാപനങ്ങൾക്ക് / സംഘങ്ങൾക്ക് അന്നു നിലനിന്ന മാർഗ്ഗരേഖ പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും നൽകാം**”**. ഇത് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് കൂടി പുതിയ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :–** ഖാദി സംഘത്തിനു നൽകിയിരുന്ന ധനസഹായ തുകയെ അടിസ്ഥാനപ്പെടുത്തിയാണ് ഖാദി യൂണിറ്റുകൾക്കും ധനസഹായ നിരക്ക് 26.07.2020 ലെ ഉത്തരവു പ്രകാരം നിശ്ചയിച്ചതെന്ന് യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വൈസ് ചെയർമാൻ ആവശ്യപ്പെട്ടതുപോലെ 26.07.2020 ലെ സർക്കാർ ഉത്തരവിൽ പറയുന്ന 100 ശതമാനമെന്ന നിരക്ക് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ മറ്റു സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കുമുള്ള സബ്സിഡി നിരക്ക് പതിമൂന്നാം പദ്ധതിയിൽ നിലനിന്നിരുന്ന 80 ശതമാനത്തിൽ നിന്ന് 50 ശതമാനമായി കുറച്ചിട്ടുണ്ട്. ഈ നിരക്ക് എല്ലാ സംഘങ്ങൾക്കുമുള്ള പൊതു തീരുമാനമാണ്. അതിനാൽ 26.07.2020 ലെ ഉത്തരവിൽ പറയുന്ന മറ്റു സ്ഥാപനങ്ങൾക്ക് / സംഘങ്ങൾക്ക് നൽകാവുന്ന സബ്സിഡി 80 ശതമാനമെന്നത് 50 ശതമാനമായി പരിമിതപ്പെടുത്തുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.54 <u>തുത്താല ബ്ലോക്ക് പഞ്ചായത്ത് - ചാലിശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രം</u>**

**ചാലiശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ കരാർ ജീവനക്കാരി ശ്രീമതി റെനിഷയുടെ 28.07.2022 – ലെ കത്ത് (SRG 1805/22).**

**വിഷയം:–** സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ കരാർ ജീവനക്കാർക്ക് വേതനം സംബന്ധിച്ച്.

തൃത്താല ബ്ലോക്കു പഞ്ചായത്തു മുഖേന ചാലിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കരാറടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിച്ചിട്ടുണ്ട്. കരാടിസ്ഥാനത്തിൽ നിയമിക്കുന്നവർക്ക് ധനവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ഉത്തരവു പ്രകാരമുള്ള വേതനം ലഭിക്കുന്നില്ലെന്ന് അറിയിച്ചിരിക്കുന്നു. ഒപ്പം ഇവർക്ക് അർഹമായ അവധിയും ലഭിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. ഇതു പരിഹരിക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–**

1) ആരോഗ്യ വകുപ്പിന്റെ ഉത്തരവും തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കുലറും പ്രകാരം ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും അഡ്ഹോക്ക് സാലറി നൽകണമെന്നുണ്ടെങ്കിലും അതതു തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. അതിനാൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ തന്നെ വിഷയം ചർച്ച ചെയ്തു തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

2) മറ്റു കരാർ ജോലിക്കാർക്ക് ധനവകുപ്പിന്റെ കാലാകാലങ്ങളിൽ ഉള്ള ഉത്തരവു പ്രകാരം വേതനം നൽകണമെന്ന് നിർദ്ദേശം നൽകുന്നു. ഒപ്പം ധനവകുപ്പിന്റെ ഉത്തരവു പ്രകാരമുള്ള അവധി എല്ലാ വിഭാഗം ആൾക്കാർക്കും നൽകണമെന്നും നിർദ്ദേശം നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.55 <u>മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2022 ലെ കത്തുകൾ (2 എണ്ണം) അനുബന്ധ രേഖകളും (SRG 969/22 – CC/471/2022).**

**വിഷയം:** ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിനു ഏജൻസിയെ നിശ്ചയിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 64/23*** | ***അടങ്കൽ*** | ***5,00,000 രൂപ (തനതുഫണ്ട്)*** |
| ***പേര്*** | ***ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഗാന്ധി പ്രതിമ സ്ഥാപിക്കൽ*** | |

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗാന്ധി പ്രതിമ സ്ഥാപിച്ച് അതിനോടനുബന്ധിച്ച് ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ആർട്ട് വർക്കുകൾ, പുല്ലുകൊണ്ടുള്ള ലാന്റ് സ്കേപ്പിംഗ് എന്നിവയും ചെയ്യാനുദ്ദേശിക്കുന്നു. ഈ പ്രവൃത്തികൾ കേരള ഗ്രാമ വികസന സാനിറ്റേഷൻ സൊസൈറ്റി മുഖേന ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** പൊതു വിഷയം ഖണ്ഡിക 1–ന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.56 <u>എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2022 ലെ കത്തും എരഞ്ഞോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2022 ലെ A3/2900/21–ാം നമ്പർ കത്തും (SRG 943/22 – CC/496/22).**

**വിഷയം:** ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് ബ്ലോക്ക് / ജില്ലാ പഞ്ചായത്തു നൽകുന്ന വിഹിതം ദൈനം ദിന ചെലവിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 10/23* | *അടങ്കൽ* | *13,50,000 രൂപ* |
| | *വികസനഫണ്ട് ജനറൽ* | *6,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *2,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *4,00,000 രൂപ* |
| | *തനത് ഫണ്ട്* | *1,50,000 രൂപ* |
| *പേര്* | *എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ദൈനംദിന ചെലവ്* | |

എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനു വേണ്ടി തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തു വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന വിഹിതം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ദൈനം ദിന ചെലവിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂൾ / റിഹാബിലിറ്റേഷൻ സെന്ററുകൾക്ക് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം, ഫർണിച്ചർ മറ്റു ഉപകരണങ്ങൾ എന്നിവയ്ക്കാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം കൈമാറുന്നത്. ഇത്തരം ഭൗതിക സൗകര്യം ഉറപ്പാക്കി മാത്രമേ ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിക്കുന്ന വിഹിതം ദൈനംദിന ചെലവിനായി ഉപയോഗിക്കാവു എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.57 <u>ബൈസൺവാലി ഗ്രാമപഞ്ചായത്ത്</u>**

**<u>ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2022 ലെ കത്തും ബൈസൺ വാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.05.2022 ലെ IV(1)–ാം നമ്പർ തീരുമാനവും</u> (SRG 693/22 – CC/394/22).**

**വിഷയം:–** പ്രോജക്ട് തയ്യാറാക്കാതെ ചെയ്ത പ്രവർത്തിക്ക് തുക നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം: 79/23 | അടങ്കൽ | 20,00,000 രൂപ<br>(വികസനഫണ്ട് ജനറൽ) |
|---|---|---|
| പേര് | മുട്ടുകാട് പാടം തോട് സൈഡ് കെട്ടൽ | |

ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ മുട്ടുകാട് പാടശേഖരത്തിന്റെ തോട് സൈഡ് കെട്ടാനായി 2017-18 ൽ 49.75 ലക്ഷം രൂപ കൃഷി വകുപ്പിന് അനുവദിച്ചിരുന്നു. ഈ തുക ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിന്റെ റ്റി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. ഈ തുക ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാതെ സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്തു. ഇപ്പോൾ പ്രവൃത്തി പൂർത്തിയായിവരുന്നു. ട്രഷറിയിൽ സൂക്ഷിച്ച തുക തനതുഫണ്ടായി കരുതി മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചു. ഇപ്പോൾ കരാറുകാരൻ പാർട്ട് ബിൽ സമർപ്പിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ തുക നൽകാനായി വികസനഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) കൃഷി വകുപ്പിൽ നിന്നു ലഭ്യമായ തുക മറ്റാവശ്യത്തിനു ചെലവഴിച്ചത് സെക്രട്ടറിയുടെ ഭാഗത്തുണ്ടായ വീഴ്ചയാണ്. പ്രോജക്ട് തയ്യാറാക്കാതെ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.
2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) പഞ്ചായത്തു ഡയറക്ടർ**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.58 <u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:-** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| പ്രോ.നം: 188/23 | അടങ്കൽ | 10,00,000 രൂപ<br>(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
|---|---|---|
| പേര് | കോട്ടത്തറ GTSH HMC താത്ക്കാലിക ജീവനക്കാർക്ക് വേതനം | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി, സെക്യാടി, സർജറി, ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് തുടങ്ങിയ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയിൽ മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ

പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഡയാലിസിസ് ടെക്നീഷ്യൻ – 1 എണ്ണം

2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II – 3 എണ്ണം

3) ലാബ് ടെക്നീഷ്യൻ – 1 എണ്ണം

4) സെക്യൂരിറ്റി ജീവനക്കാർ – 2 എണ്ണം

**തീരുമാനം:–** മുകളിൽ പറഞ്ഞ പ്രകാരം ആൾക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. ആരോഗ്യ വകുപ്പിൽ നിന്ന് ഇവരെ നിയമിക്കാൻ സാധിക്കുമോ എന്നു പരിശോധിക്കണം. ഒപ്പം ഇത് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ആയതിനാൽ മുകളിൽ പറഞ്ഞവരെ നിയമിക്കാനായി ആവശ്യമായ ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നു നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന ഡയറക്ടറേയും ചുമതലപ്പെടുത്തി.

**നടപടി:– 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**

**2)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

**3)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.59 **പഞ്ചായത്ത് ഡയറക്ടർ – HDPE ചെടിച്ചട്ടി**

**പഞ്ചായത്തു ഡയറക്ടറുടെ 05.05.2022 ലെ PAN/6090/2022/J1 (DP) നമ്പർ കത്തും ശ്രീ ഫ്രാൻസിസ് വർഗ്ഗീസ് അടിക്കോട്, തൃശ്ശൂർ എന്ന ആൾ** CMO **പോർട്ടൽ മുഖേന നൽകിയ കത്തും അനുബന്ധ രേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗ തീരുമാനവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.09.2022 ലെ 8874/H1/2022/KSHO നമ്പർ കത്തും (SRG 1068/22).**

**വിഷയം:–** HDPE ചെടിച്ചട്ടിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നതു സംബന്ധിച്ച്.

അടുക്കളത്തോട്ടം, ടെറസ് ഗാർഡൻ പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം High Density Poly Ethylene (HDPE) ചെടിചട്ടി പ്രോത്സാഹിപ്പിക്കണമെന്നും ഇതു വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നുമാണ് കത്തു നൽകിയ ആളുടെ ആവശ്യം. HDPE ചെടിചട്ടികളുടെ ഗുണനിലവാരം , ഇത്തരം ചട്ടികൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത, ഗുണമേന്മ തുടങ്ങിയവയിന്മേൽ കേരള കാർഷിക സർവ്വകലാശാലയുടെ വിദഗ്ധോപദേശം തേടി കൃഷി വകുപ്പു ഡയറക്ടറോട് റിപ്പോർട്ട് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം മുകളിൽ പറഞ്ഞ വ്യക്തിയുമായി ഇതിന്റെ വിലയടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. HDPE ചെടിചട്ടികളുടെ നിർമ്മാണ യൂണിറ്റ് കുടുംബശ്രീ തുടങ്ങുന്നതിന്റെ സാധ്യത പരിശോധിക്കുന്നതോടൊപ്പം ഇതിന്റെ വിതരണവും ഏറ്റെടുക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു.

തുടർന്ന് കൃഷി ഡയറക്ടർ ഇതിന്മേൽ റിപ്പോർട്ട് നൽകി. കാർഷിക സർവ്വകലാശാല HDPE ചെടിചട്ടിയിന്മേൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. തുടർന്ന് കൃഷി

ഡയറക്ടർ കൊച്ചിയിലെ Central Institute of Petrochemicals Engineering & Technology (CIPET) എന്ന സ്ഥാപനത്തിന്റെ അഭിപ്രായമാരാഞ്ഞു. CIPETയുടെ റിപ്പോർട്ട് പ്രകാരം ഈ ചട്ടികൾ 5 വർഷക്കാലത്തേക്ക് ഈടു നിൽക്കുന്നതാണെന്നും FSSAI സ്റ്റാന്റേർഡുപ്രകാരം പരിസ്ഥിതിക്ക് ദോഷം ചെയ്യാത്തതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ HDPE ചെടിചട്ടികൾ ഉപയോഗിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചിരുന്നു. HDPE ചെടിചട്ടികൾക്ക് 5 വർഷ ഗ്യാരന്റി നൽകേണ്ടതാണെന്നും ഒരു ചെടിച്ചട്ടിക്ക് (വലിപ്പം പറഞ്ഞിട്ടില്ല) 140 രൂപയിൽ കൂടുതൽ വില ആവാൻ പാടില്ലെന്നും കൃഷി ഡയറക്ടർ അറിയിച്ചു.

ഇതനുസരിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ചെടിച്ചട്ടികൾ നിർമ്മിക്കുന്ന സ്ഥാപന ഉടമയുമായി ചർച്ച ചെയ്തു. ഇവർ കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും അവർ നിർമ്മിക്കുന്ന ചെടിച്ചട്ടികൾ കമ്മീഷൻ വ്യവസ്ഥയിൽ കുടുംബശ്രീ മുഖാന്തിരം വിപണനം നടത്തുകയാണ് ലക്ഷ്യമെന്നും അറിയിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ കുടുംബശ്രീ വഴി വിതരണം നടത്തുവാൻ പാടില്ലായെന്ന നയപരമായ തീരുമാനം ഉള്ളതിനാൽ സ്ഥാപന ഉടമയുടെ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

യോഗത്തിൽ പങ്കെടുത്ത കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടറുടെ കൂടി അഭിപ്രായ പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :-** കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രോബാഗ് ഉപയോഗിക്കുന്നത് നിർത്തലാക്കുന്നതിന്റെ ഭാഗമായി മൺചട്ടികൾ, കയർ പിത്ത് ചട്ടികൾ, HDPE കണ്ടെയ്നറുകൾ തുടങ്ങിയവ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് 14.09.2022 ലെ **Agri/AGL/182/2022 - Agri** നമ്പർ സർക്കുലറിലൂടെ കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മാർഗ്ഗരേഖ പ്രകാരമുള്ള ടോണ്ടർ/വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് മുകളിൽ പറഞ്ഞ സർക്കുലറിൽ പറഞ്ഞവ തദ്ദേശഭരണസ്ഥാപനങ്ങൾ/ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വാങ്ങാവുന്നതാണ്. യോഗത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ അറിയിച്ച പ്രകാരം HDPE ചെടിച്ചട്ടിയുടെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരം അംഗീകരിച്ചു.

ചെടിച്ചട്ടിയുടെ ഉയരം - 10 ഇഞ്ച്

ഡയമീറ്റർ - 10-12 ഇഞ്ച്

കനം - 5 mm

തൂക്കം - 450 gm

ടെണ്ടർ നടപടിയിലൂടെയാണ് മൺചട്ടികൾ, കയർപിത്ത് ചട്ടികൾ എന്നിവയ്ക്കൊപ്പം HDPE ചെടിച്ചട്ടികളും വാങ്ങേണ്ടത് എന്നതിനാൽ HDPE ചെടിച്ചട്ടികൾക്ക് 140 രൂപ എന്ന് മുൻപ് നിശ്ചയിച്ച വില പരിഗണിക്കേണ്ടതില്ല എന്ന് കൃഷി അഡീഷണൽ ഡയറക്ടർ യോഗത്തിൽ അറിയിച്ച പ്രകാരം വില സംബന്ധിച്ച നിബന്ധന ഒഴിവാക്കുന്നു. ചെടിച്ചട്ടികളിൽ നിറയ്ക്കേണ്ട വളർച്ചാ മാധ്യമത്തിന് 60

രൂപ അധികമായി നൽകാവുന്നതാണ്. HDPE ചെടിച്ചട്ടിക്ക് 5 വർഷം ഗാരന്റി ഉണ്ടായിരിക്കണം. ഇവ കൂടി പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.60 <u>തഴക്കര ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2022 ലെ കത്ത് (SRG 653/22 - CC/380/22).**

**വിഷയം:-** ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി വാങ്ങിയ സ്ഥലത്തിന്റെ ഒരു ഭാഗം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തഴക്കര ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലുള്ള രണ്ട് അങ്കണവാടി കെട്ടിടങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ വാർഡിൽ തന്നെ ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി വാങ്ങിയ 24 സെന്റ് സ്ഥലം ഉണ്ട്. ഇതിൽ നിന്ന് 3 സെന്റ് സ്ഥലം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** തഴക്കര ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭൂരഹിത ഭവന രഹിതർ ഉണ്ടോ, അവർക്ക് ആവശ്യമായ സ്ഥലം ഇതിനകം ലഭ്യമാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി നൽകാൻ നിർദ്ദേശിക്കുന്നു. ഇവ ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.61 <u>അരുവാപ്പുലം ഗ്രാമപഞ്ചായത്ത്</u>**

**അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2022 ലെ** A2-2289/2022- **ലെ കത്ത് (SRG 854/22).**

**വിഷയം:** എസ്റ്റേറ്റ് മേഖലയിലെ അങ്കണവാടി കെട്ടിടത്തിന് അറ്റകുറ്റപ്പണി ചെയ്യുന്നത് സംബന്ധിച്ച്.

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ എസ്റ്റേറ്റ് മേഖലയിലെ 30, 34എന്നീ നമ്പറുകളിലുള്ള അങ്കണവാടി കെട്ടിടങ്ങളുടെ മേൽക്കൂര തകർന്നു വീഴാറായ സ്ഥിതിയിലാണ്. അതിനാൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല. ഈ വർഷം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി 25,66,000 രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ തുകയിൽ നിന്ന് മുകളിൽ പറഞ്ഞ രണ്ട് അങ്കണവാടി കെട്ടിടങ്ങൾ റിപ്പയർ ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തീർത്തും ജീർണ്ണാവസ്ഥയിലായ എസ്റ്റേറ്റ കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. അറ്റകുറ്റപ്പണി പ്രായോഗികമാണോ എന്ന് പരിശോധിച്ച്

റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.62 <u>റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്</u> (RAIDCO)**

**<u>ബഹു.നെയ്യാറ്റിൻകര എം.എൽ.എയുടെ 30.09.2022 ലെ കത്തും RAIDCO ചെയർമാന്റെ 27.09.2022 ലെ CM/03/2022-23-ാം നമ്പർ കത്തും</u> (SRG 1073/22).**

**വിഷയം:-** കൃഷി ആവശ്യത്തിനുള്ള വളം, ജൈവകീടനാശിനി, യന്ത്രോപകരണങ്ങൾ എന്നിവ RAIDCO യിൽ നിന്നു വാങ്ങാൻ അനുമതി സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ് ) ഖണ്ഡിക 6.1 ക്രമ നമ്പർ 1,2,3 എന്നിവയിൽ പറയുന്നവ (ജൈവ വളം, കുമ്മായം, ഡോളോമൈറ്റ്, വളർച്ചാ ത്വരകങ്ങൾ, ജീവാണു വളങ്ങൾ, രാസവളം, ജലലയ വളങ്ങൾ, നാനോ വളങ്ങൾ, ജൈവ/ജീവാണു കീടനാശിനികൾ) RAIDCO യിൽ നിന്നു വാങ്ങാൻ അനുമതിയുണ്ട്. ഇതോടൊപ്പം സബ്സിഡി - ധനസഹായ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 (ക്രമ നമ്പർ 4,5 ൽ പ്രതിപാദിക്കുന്നവയും (നെല്ല്, കുരുമുളക്, പച്ചക്കറി, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യു കൾച്ചർ വാഴ, ഫല-പുഷ്പ-ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റി കുരുമുളക് മുതലായവ) RAIDCO യിൽ നിന്നു വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ വാങ്ങൽ, അവയുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കുള്ള അംഗീകൃത ഏജൻസിയായും RAIDCO യെ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** **1)** 28.05.2022 ലെ 115/22/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ക്രമ നമ്പർ 4,5 എന്നിവയിൽ പറയുന്നവ വാങ്ങുന്നതിനുള്ള അംഗീകൃത ഏജൻസിയായി RAIDCO - യെ ഉൾപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വളം വില്പന ലൈസൻസ്, ഇൻസെക്ടിസൈസ് ആക്ട് 1968 പ്രകാരമുള്ള കീടനാശിനി വില്പന ലൈസൻസ്, സീഡ് ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള വിത്ത് വിൽപ്പന ലൈസൻസ്, നടീൽ വസ്തുക്കൾ വിൽക്കുന്നതിനുള്ള നഴ്സറി ലൈസൻസ് എന്നിവ RAIDCO, KAICO പോലുള്ള സ്ഥാപനങ്ങൾക്കും മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടെങ്കിൽ മാത്രമേ ഇത്തരം ഉപകരണങ്ങൾ ഈ സ്ഥാപനങ്ങളിൽ നിന്നു വാങ്ങാവു എന്ന് നിർദ്ദേശിക്കുന്നു.

2) RAIDCO സ്വയം ഉല്പാദിപ്പിക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾക്ക് അവ വിൽക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായും RAIDCO യെ ഉൾപ്പെടുത്തുന്നു. കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി RAIDCO– നേരിട്ട് ചെയ്യുന്ന സാഹചര്യത്തിൽ മാത്രം ഈ പ്രവൃത്തിക്കുള്ള അംഗീകൃത ഏജൻസിയായും RAIDCO–യെ ഉൾപ്പെടുത്തുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.63 <u>കൊല്ലം ജില്ലാപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ A2–4040/2022–ാം നമ്പർ കത്ത് (SRG 1115/22).**

| | | |
|---|---|---|
| **പ്രോ.നം: 379/23** | ***അടങ്കൽ*** | ***34,00,000 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***ബട്ടർഫ്ലൈസ് (ഭിന്നശേഷിയുള്ളവർക്ക് മോട്ടോറൈസ്ഡ് വീൽചെയർ)*** | |

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ജോയ്സ്റ്റിക് ഓപ്പറേറ്റഡ് മോട്ടോറൈസ്ഡ് വീൽചെയർ വിതരണത്തിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഈ വർഷം ഏറ്റെടുത്തിട്ടുണ്ട്. ഒരെണ്ണത്തിന് 1.20 ലക്ഷം രൂപയോളം വിലവരും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** അനുമതി നൽകുന്നു. എന്നാൽ നിയമപ്രകാരമുള്ള ടെണ്ടർ/വാങ്ങൽ നടപടിക്രമങ്ങളും മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം വേണം വീൽ ചെയർ നൽകേണ്ടത്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

യോഗം വൈകുന്നേരം 4.30 മണിക്ക് അവസാനിച്ചു

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
8. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
12. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
13. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രതിനിധി)
15. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
16. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
17. അഗ്രികൾച്ചറൽ ഡയറക്ടർ (പ്രതിനിധി)